454/2009
28.07.2009

# ഇടയലേഖനം-96

## ജേക്കബ് മനത്തോടത്ത്

ദൈവത്തിന്റെ കാരുണ്യത്താലും അനുഗ്രഹത്താലും
**പാലക്കാട് രൂപതയുടെ മെത്രാൻ**
**മാർ ജേക്കബ് മനത്തോടത്ത്**
രൂപതാംഗങ്ങളായ വൈദികർക്കും സന്യസ്തർക്കും
സഹോദരീസഹോദരന്മാർക്കും കുട്ടികൾക്കും എഴുതുന്നത്.

മിശിഹായിൽ പ്രിയപ്പെട്ടവരെ,

നമ്മുടെ രൂപത സ്ഥാപിതമായിട്ട് 35 വർഷം പൂർത്തിയാവുകയാണ്. രൂപതയുടെ ഉദ്ഘാടന ദിനമായ സെപ്റ്റംബർ 8-ാം തീയതി കഴിഞ്ഞുവരുന്ന ഞായറാഴ്ച രൂപതാദിനമായി നാം ആചരിച്ചുപോരുകയാണ്. ഈ വർഷത്തെ രൂപതാ ദിനമായ സെപ്റ്റംബർ 13-ാം തിയതി ഇടവകകളെ കേന്ദ്രീകരിച്ചുള്ള രൂപതാദിനാചരണ പരിപാടികൾ പതിവുപോലെ നടത്തേണ്ടതാണ്.

രൂപതാദിനാചരണം രൂപതാതലത്തിൽകൂടി നടത്തുന്നത് രൂപതാംഗങ്ങളുടെ കൂട്ടായ്മയും സഹകരണവും വളർത്താൻ ഉപകരിക്കുമെന്നതുകൊണ്ട് ഈ വർഷം അപ്രകാരം ചെയ്യുവാൻ തീരുമാനിച്ചിരിക്കുന്ന വിവരം സന്തോഷപൂർവ്വം നിങ്ങളെ അറിയിക്കുന്നു. 2009 സെപ്റ്റംബർ 12-ാം തീയതി ശനിയാഴ്ചയാണ് പ്രഥമ രൂപതാദിനസംഗമം. നമ്മുടെ പാസ്റ്ററൽ സെന്ററിൽ വച്ചാണ് അത് നടത്തപ്പെടുന്നത്. രാവിലെ പത്തുമണി മുതൽ ഉച്ചകഴിഞ്ഞു മൂന്നരവരെയാണ് പരിപാടികൾ ക്രമീകരിച്ചിരിക്കുന്നത്. ഇടവകകളിൽ സേവനം ചെയ്യുന്ന വൈദികർ, സന്യാസ സമൂഹങ്ങളുടെ മേജർ സുപ്പീരിയേഴ്സ്, സന്യാസ ഭവനങ്ങളുടെ സുപ്പീരിയേഴ്സ്, പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, ഇടവകകളിലെ കൈക്കാരന്മാർ, വിവിധ സംഘടനകളുടെ പ്രധാന ഭാരവാഹികൾ എന്നിവരായിരിക്കും അതിൽ പങ്കെടുക്കുന്നവർ. അവരെയെല്ലാവരേയും രൂപതാസംഗമത്തിലേക്ക് ഞാൻ ക്ഷണിക്കുന്നു.



ഉദ്ഘാടന പരിപാടി പത്തരമണിക്ക് ആരംഭിക്കും. അതേതുടർന്ന് സഭാത്മകമായ വളർച്ചയ്ക്കുപകരിക്കുന്ന പ്രഭാഷണവും ചർച്ചയും സമൂഹ ബലിയർപ്പണവും നടക്കും. ഉച്ചഭക്ഷണത്തിനു ശേഷമുള്ള പൊതുസമ്മേളനത്തിൽവെച്ച് ഈ വർഷം പൗരോഹിത്യ സ്വീകരണത്തിന്റെ രജത സുവർണ്ണ ജൂബിലിയും സന്യാസ സമർപ്പണത്തിന്റെയും വിവാഹത്തിന്റെയും സുവർണ്ണ ജൂബിലിയും ആഘോഷിക്കുന്നവരേയും സംസ്ഥാന തലത്തിൽ ഏതെങ്കിലും റാങ്കോ പ്രശസ്ത വിജയമോ നേടിയവരെയും ആദരിക്കുന്നതാണ്. അവരെ സംബന്ധിച്ചുള്ള വിവരങ്ങൾ ബ. വികാരിയച്ചന്മാർ മുൻകൂട്ടിത്തന്നെ രൂപതാ കേന്ദ്രത്തിൽ അറിയിക്കേണ്ടതാണ്. സംസ്ഥാന തലത്തിൽ അവാർഡു നേടിയ കലാപരിപാടികളും തദവസരത്തിൽ അവതരിപ്പിക്കുന്നതാണ്. രൂപതയുടെ ചരിത്രത്തിലെ ആദ്യത്തെ രൂപതാദിന സംഗമം ഏറ്റം അനുഗ്രഹപ്രദവും ഫലപ്രദവുമാക്കാൻ എല്ലാവരും സഹകരിക്കണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

പാലക്കാട് രൂപത ഉദ്ഘാടനം ചെയ്യപ്പെട്ടത് 1974 സെപ്റ്റംബർ 8-ാം തിയ്യതിയാണ്. അന്നുമുതൽ ഇന്നുവരെ ദൈവം നമുക്കു നല്കിയ അനുഗ്രഹങ്ങൾക്ക് നന്ദി പ്രകാശിപ്പിക്കുവാൻകൂടിയുള്ള അവസരമാണ് രൂപതാദിനസംഗമം. കർത്താവ് അരുളിച്ചെയ്ത കടുകുമണിയുടെ ഉപമ നമുക്ക് സുപരിചിതമാണ്. കടുകുമണി, കാണാൻ വളരെ ചെറുതാണെങ്കിലും മുളച്ചു വളർന്നപ്പോൾ വൃക്ഷമായി. പക്ഷികൾ അതിൽ ചേക്കേറി കൂടുകെട്ടി. സഭയുടെ വളർച്ചയെ സൂചിപ്പിക്കുന്ന ഉപമയാണിത്. ഇതു തന്നെയാണ് ദൈവാനുഗ്രഹത്താൽ പാലക്കാട് രൂപതയിലും അന്വർത്ഥമായത്. 35 വർഷം വലിയൊരു കാലയളവല്ലെങ്കിലും രൂപതയുടെ ആരംഭത്തിലെ സ്ഥിതിയും ഇന്നത്തെ സ്ഥിതിയും നിരീഷിക്കുമ്പോൾ ദൈവം നമ്മെ എത്രമാത്രം വളർത്തിയെന്ന് നമുക്ക് ബോധ്യമാകും. എല്ലാറ്റിനെയും വളർത്തുന്നവൻ ദൈവമാണ്. "ഞാൻ നട്ടു; അപ്പോളോ നനച്ചു; എന്നാൽ ദൈവമാണ് വളർത്തിയത്" എന്നാണല്ലോ തിരുവചനം (കൊറി 3.6) പഠിപ്പിക്കുന്നത്. "കർത്താവ് ഭവനം പണിയുന്നില്ലെങ്കിൽ പണിക്കാരുടെ അദ്ധ്വാനം നിഷ്ഫലമാണ്." (സങ്കീ.22.1). നമ്മുടെ അദ്ധ്വാനങ്ങളെ അനുഗ്രഹിച്ചുകൊണ്ട് കർത്താവ് രൂപതായാകുന്ന കുടുംബത്തെ വളർത്തി.

രൂപതയുടെ വളർച്ചയെപ്പറ്റി വിലയിരുത്തുമ്പോൾ ബാഹ്യവും

ഭൗതികവുമായ വളർച്ചയുടെ കണക്കുകളാണ് പലപ്പോഴും അവതരിപ്പിക്കപ്പെടുന്നത്. എന്നാൽ കർത്താവ് ആഗ്രഹിക്കുന്ന വളർച്ച വിശ്വാസത്തിലും സ്നേഹത്തിലും കൂട്ടായ്മയിലുള്ള വളർച്ചയാണ്. ആദിമ വിശ്വാസികളുടെ സമൂഹത്തിൽ ഒരേ ഹൃദയവും ഒരേ ആത്മാവുമാണുണ്ടായിരുന്നത് എന്നാണല്ലോ നടപടി പുസ്തകത്തിൽ നാം വായിക്കുന്നത് (നട. 4.32). അതുകൊണ്ട് കർത്താവ് അവരെ വളർത്തി. വിശ്വസിക്കുന്ന സമൂഹങ്ങളുടെ കൂട്ടായ്മയാണ് രൂപത. വിശ്വാസികൾ പരസ്പരം സ്നേഹിക്കുകയും പങ്കുവയ്ക്കുകയും ചെയ്യുന്നവരുടെ കൂട്ടായ്മകൾ കൂടിയാകണം. തന്റെ അനുയായികൾക്കെല്ലാവർക്കും എപ്പോഴും വേണ്ട അടയാളമായി കർത്താവ് നിശ്ചയിച്ചിരിക്കുന്നത് പരസ്പരസ്നേഹമാണ്. "നിങ്ങൾക്ക് പരസ്പരം സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്ന് അതു മൂലം എല്ലവരും അറിയും" (യോഹ 13.35) എന്നാണല്ലോ അവിടുന്നു അരുളിച്ചെയ്തത്. എന്തെല്ലാം നേട്ടങ്ങൾ നാം കൈവരിച്ചാലും എന്തെല്ലാം വലിയ കാര്യങ്ങൾ നാം ചെയ്താലും എന്തെല്ലാം ദാനങ്ങൾ നാം ചെയ്താലും സ്നേഹമില്ലെങ്കിൽ നമുക്കൊന്നുമില്ല എന്നാണല്ലോ വിശുദ്ധ പൗലോസ് ശ്ലീഹായുടെ പ്രബോധനം (1 കൊറി 13.1-3). പരസ്പരം സ്നേഹിക്കുന്നവരുടെ കൂട്ടായ്മയാകണം നമ്മുടെ ഇടവകകൾ. നമ്മുടെ സ്നേഹം ഏറ്റവും കൂടുതൽ അർഹിക്കുന്നതും അനുഭവിക്കേണ്ടതും ഇടവകയിലെ ക്ലേശിതരും ദു:ഖിതരും ദരിദ്രരും രോഗികളുമാണ്. ആഡംബരപ്രിയവും ധൂർത്തും മദ്യവും ഉപേക്ഷിച്ചുണ്ടാക്കുന്ന പണം കഷ്ടതയനുഭവിക്കുന്നവരെ സഹായിക്കാൻ ചെലവഴിക്കണം. അതിനായി ഇടവകകൾ കർമ്മപരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കണം. സുവിശേഷം ജീവിക്കുന്ന വ്യക്തികളായി നാം മാറണം. അപ്പോഴാണ് നാം ക്രിസ്തീയമായി വളരുകയും ക്രിസ്തുവിന്റെ യഥാർത്ഥ അനുയായികളായിത്തീരുകയും ചെയ്യുന്നത്.

വളരെപ്പേരുടെ അദ്ധ്വാനത്തിന്റെ ഫലമാണ് ഇന്നത്തെ നമ്മുടെ രൂപത എന്ന കാര്യം നാം മറക്കരുത്. നമുക്കുവേണ്ടി സേവനം ചെയ്തു കടന്നു പോയ എല്ലാവരെയും കൃതജ്ഞതയോടെ ഓർമ്മിക്കാനുള്ള അവസരമാണ് രൂപതാ ദിനം. രൂപതയുടെ തുടക്കം മുതൽ 1997 വരെ നമുക്കുവേണ്ടി സ്നേഹത്തോടെ സേവനം ചെയ്തു കടന്നുപോയ മാർ ജോസഫ് ഇരിമ്പൻ പിതാവിന്റെ പാവനസ്മരണക്കുമുമ്പിൽ



നമുക്ക് പ്രത്യേകം ശിരസ്സു നമിക്കാം. ആഗസ്റ്റു 23-ാം തിയ്യതി പിതാവിന്റെ 12-ാം ചരമവാർഷിക ദിനമാണ്. അന്നേദിവസമോ സൗകര്യപ്പെടുന്ന മറ്റൊരു ദിവസമോ പിതാവിന്റെ ആത്മശാന്തിക്കായി ഇടവകകളിലും സ്ഥാപനങ്ങളിലും ദിവ്യബലിയർപ്പിച്ച് പ്രാർത്ഥിക്കണമെന്ന് നിർദ്ദേശിക്കുന്നു.

രൂപതയുടെ വിവിധങ്ങളായ ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കാനുള്ളതാണ് രൂപതാദിനത്തിൽ പള്ളികളിൽ എടുക്കുന്ന പിരിവ്. രൂപതാംഗങ്ങളെല്ലാവരും അതിൽ ഉദാരമായി സഹകരിക്കണം. ബഹു. വികാരിയച്ചന്മാർ ഇതേപ്പറ്റി മുൻകൂട്ടി പള്ളികളിൽ അറിയിക്കുകയും സംഭരിക്കുന്ന സംഭാവനകൾ സെപ്റ്റംബർ അവസാനത്തോടെ രൂപതാ പ്രൊക്യൂറേറ്ററെ ഏല്പിക്കുകയും ചെയ്യേണ്ടതാണ്.

രൂപത നാമോരോരുത്തരുമാണ്. രൂപതയുടെ വളർച്ച നാമോരോരുത്തരുടെയും വളർച്ചയാണ്; വിശ്വാസത്തിലും സ്നേഹത്തിലുമുള്ള നമ്മുടെ വളർച്ചയാണ്. നാമോരോരുത്തരുടെയും സാമ്പത്തികവും സാംസ്കാരികവുമായ നമ്മുടെ വളർച്ചയാണ്; നാമോരോരുത്തരും വളരണം. അതോടൊപ്പം മറ്റുള്ളവരെ നാം വളർത്തുകയും ചെയ്യണം. അപ്പോൾ കർത്താവ് ആഗ്രഹിക്കുന്ന രീതിയിൽ നമ്മുടെ രൂപത വളരും. അതിനുവേണ്ടിയുള്ള നമ്മുടെ എല്ലാ പ്രയത്നങ്ങളെയും ഉദ്യമങ്ങളെയും അനുഗ്രഹിക്കണമെയെന്ന് കർത്താവിനോടു പ്രാർത്ഥിക്കാം. രൂപതയുടെ മദ്ധ്യസ്ഥനായ വിശുദ്ധയൗസേപ്പിതാവിന്റെ മദ്ധ്യസ്ഥസഹായം നമുക്കു തേടാം. നിങ്ങൾക്കേവർക്കും രൂപതാ ദിനത്തിന്റെ മംഗളങ്ങൾ ഞാൻ സ്നേഹപൂർവ്വം നേരുന്നു.

നമ്മുടെ കർത്താവീശോമിശിഹായുടെ + കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും + പരിശുദ്ധാത്മാവിന്റെ സഹവാസവും + നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

യേശുവിൽ നിങ്ങളുടെ വത്സലപിതാവ്,



**മാർ ജേക്കബ് മനത്തോടത്ത്**

പാലക്കാട് രൂപതയുടെ മെത്രാൻ

NB: ഈ ഇടയലേഖനം ആഗസ്റ്റ് 9-ാം തീയതി ഞായറാഴ്ച കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും പൊതുജനങ്ങൾക്കായി ഞായറാഴ്ച കുർബനയുള്ള സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

# സീറോ മലബാർ സഭ
# അന്തർദേശീയ അല്മായ അസംബ്ലി
# ആഗസ്റ്റ് 13, 14, 15 തിയ്യതികളിൽ കൊച്ചിയിൽ

സീറോ മലബാർ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ സഭ അല്മായ കമ്മീഷന്റെ ആഭിമുഖ്യത്തിൽ അന്തർദേശീയ അല്മായ അസംബ്ലി കൊച്ചിയിൽ ചേരുന്നു. സഭാ ആസ്ഥാനമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ ആഗസ്റ്റ് 13 മുതൽ 15 വരെയാണ് അല്മായ അസംബ്ലി.

ഇന്ത്യയിലും വിദേശത്തുമുള്ള വിവിധ സീറോ മലബാർ രൂപതകളിലെയും മിഷൻ കേന്ദ്രങ്ങളിലെയും അല്മായ പ്രസ്ഥാനങ്ങൾ, ഭക്ത സംഘടനകൾ എന്നിവയുടെയും പ്രതിനിധികൾ അല്മായ അസംബ്ലിയിൽ പങ്കെടുക്കും. സഭാംഗങ്ങളായ വിദ്യാഭ്യാസ- ഉദ്യോഗസ്ഥ പ്രമുഖർ, കാർഷിക വിദഗ്ദർ, സാഹിത്യ സാംസ്ക്കാരിക, സാമൂഹ്യ ജീവകാരുണ്യ പ്രവർത്തകർ തുടങ്ങി വിവിധ മേഖലകളിൽ സേവനം ചെയ്യുന്നവരുടെ പ്രതിനിധികളും അസംബ്ലിയിൽ പങ്കെടുക്കുന്നതാണ്. ദേശീയ അന്തർദേശിയ തലങ്ങളിലുള്ള സീറോ മലബാർസഭ വിശ്വാസി സമൂഹത്തെ മുഖ്യധാരയിൽ പങ്കുചേർത്ത് പരിപോഷിപ്പിക്കാൻ അല്മായ അസംബ്ലി ലക്ഷ്യമിടുന്നു.

എല്ലാ രാജ്യങ്ങളിലുമുള്ള സീറോ മലബാർ സഭാ അല്മായ സമൂഹത്തെ വിശ്വാസത്തിലും, പൈതൃകത്തിലും പ്രവർത്തന മേഖലകളിലും ശക്തിപ്പെടുത്തുക, സഭയുടെ വിവിധ തലങ്ങളിൽ അല്മായ പങ്കാളിത്തം സജീവമാക്കുക, സഭ നേരിടുന്ന വെല്ലുവിളികളിൽ അല്മായ പ്രതികരണത്തിനായുള്ള പൊതുവേദിയൊരുക്കുക, അല്മായ സമൂഹത്തെ അറിവും പ്രവർത്തി പരിചയവും വൈദഗ്ദ്യവും കാര്യക്ഷമമായി ഉപയോഗപ്പെടുത്തുവാനുള്ള അവസരങ്ങളൊരുക്കുക, കുടുംബങ്ങളിലും പ്രവർത്തന മേഖലകളിലും മാനുഷിക മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുവാൻ പ്രോത്സാഹിപ്പിക്കുക, സഭയുടെ പഠനങ്ങൾ മാർഗ്ഗരേഖകൾ, നിയമങ്ങൾ എന്നിവയെക്കുറിച്ച് വിശ്വാസി





സമൂഹത്തിന് കൂടുതൽ അറിയുവാനുള്ള അവസരമുണ്ടാക്കുക, വിശ്വസാഹോദര്യം പരസ്പരസഹകരണവും വളർത്തിയെടുക്കുക എന്നിവയുടെ ലക്ഷ്യസാക്ഷാത്ക്കാരമാണ് അന്തർദേശിയ അല്മായ അസംബ്ലി.

**"സീറോ മലബാർ സഭ 2009"** എന്നതാണ് അസംബ്ലിയുടെമുഖ്യ വിഷയം. സഭയുടെ വിശ്വാസസത്യങ്ങളിലും അടിസ്ഥാന പ്രമാണങ്ങളിലും അടിയുറച്ചുനിന്ന്, ആഗോളതലത്തിൽ വരും നാളുകളിൽ ആത്മീയ സാമൂഹ്യസേവന,. വിദ്യാഭ്യാസ, ആരോഗ്യ വികസന സാംസ്ക്കാരിക മാധ്യമ മേഖലകളിലെ സജീവ സാന്നിദ്ധ്യം, ജീവകാരുണ്യ പ്രവർത്തനങ്ങൾ, കാർഷിക രംഗത്തെ മുന്നേറ്റം ക്രൈസ്തവ കുടുംബം, യൂത്ത് 2030, സ്ത്രീശാക്തീകരണം തുടങ്ങിയ വിഷയങ്ങളിൽ സഭയുടെ മുന്നോട്ടുള്ള പ്രവർത്തന പദ്ധതികളെക്കുറിച്ച് അല്മായ അസംബ്ലി ചർച്ച ചെയ്യുന്നതാണ്.

സഭാതലവനും മേജർ ആർച്ചുബിഷപ്പുമായ കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ, മെത്രാപ്പോലിത്താമാർ, മെത്രാന്മാർ, വൈദിക പ്രതിനിധികൾ എന്നിവർ അന്തർദേശിയ അസംബ്ലിയിൽ അല്മായ പ്രതിനിധികളുമായി ആശയവിനിമയം നടത്തും.

ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലും, വിദേശ രാജ്യങ്ങളിലുമുള്ള സഭാ വിശ്വാസ സമൂഹത്തിന്റെ വളർച്ചയും വെല്ലുവിളികളും അസംബ്ലിയിൽ പ്രതിപാതിക്കും. സഭയിലെ അല്മായ സംഘടനകളുടെയും കൂട്ടായ്മയകളുടേയും, ഏകീകരിച്ചുള്ള പ്രവർത്തനങ്ങൾക്ക് കർമ്മ രേഖ തയ്യാറാക്കും. ആനുകാലിക രാഷ്ട്രീയ സാമൂഹിക വിഷയങ്ങളിൽ സഭാവിശ്വാസിസമൂഹത്തിന്റെ പ്രതികരണങ്ങൾ സമ്മേളനത്തിൽ പങ്കുവെയ്ക്കുന്നതാണ്. ജീവകാരുണ്യ രംഗങ്ങളിൽ സംഘടനയുടെ സാന്നിദ്ധ്യം കൂടുതൽ ശക്തമാക്കാനും പ്രോത്സാഹിപ്പിക്കാനുമുള്ള പദ്ധതികളും അന്തർദ്ദേശീയ അല്മായ അസംബ്ലി രൂപം നൽകും.

**അഡ്വ. വി. സി. സെബാസ്റ്റ്യൻ**
സെക്രട്ടറി



# Bishops' Engagements

**August 2009**

| | | |
|---|---|---|
| 1 | P.M. | Kallepully, Seminary |
| 3-7 | | Bishop's Retreat, POC, Kochi |
| 8 | | Kaikarans' Meeting |
| | P.M | Karakurussi |
| 9 | A.M. | Kuniamuthur |
| | P.M. | Lisuex Nager & Edayapalayam |
| 10 | | Kallepully |
| 13 | | Vestition, CHF |
| 15 | | Mount St. Thomas, Kakkanad |
| 17-21 | | S.M.B. Synod, Kakkanad |
| 22 | A.M. | Ordination, Nenmara |
| 24-29 | | S.M.B.Synod, Kakkanad |
| 31 | P.M. | Sehion Trust Meeting |

**September 2009**

| | | |
|---|---|---|
| 5 | A.M | Seraphic Provincial House, Palakkad |
| 9-10 | | Seminary Commission Meeting, Alwaye |
| 12 | | Diocesan Day Celebration, Pastoral Centre |
| 13 | | Church Jubilee, Kallepully |
| 14-19 | | Priests' Annual Retreat, Yuvakshetra. |

Bishops' Engagements







# From the Bishop's Office

**ജസ്റ്റിസ് സൺഡേ**

ആഗസ്റ്റ് 16–ാം തീയതിയാണ് നാം ജസ്റ്റിസ് സൺഡേയായി ആഘോഷിക്കുന്നത്. നീതി നിഷേധിക്കപ്പെട്ട നമ്മുടെ ദളിത സഹോദർക്കുവേണ്ടി പ്രാർത്ഥിക്കാൻ ഈ ദിനം നാം വിനിയോഗിക്കണം. അന്നേ ദിവസത്തെ സ്തോത്രക്കാഴ്ച അവർക്കുവേണ്ടിയുള്ള കമ്മീഷന് അയച്ചുകൊടുക്കുവാൻവേണ്ടി രൂപതാകാര്യാലയത്തിൽ ഏൽപ്പിക്കേണ്ടതാണ്.

**രൂപതാ പാസ്റ്ററൽ കൗൺസിൽ 2008 – 2011**

2008 – 2011 രൂപതാ പാസ്റ്ററൽ കൗൺസിലിന്റെ മൂന്നാം സമ്മേളനം പാലക്കാട് പാസ്റ്ററൽ സെന്ററിൽ വെച്ച് 2009 ഓഗസ്റ്റ് 1–ാം തീയതി ശനിയാഴ്ച രാവിലെ 10.30 ന് നടത്തപ്പെടുന്നതാണ്. വിഷയം – *"വൈദിക വർഷാചരണവും രാജകീയ പുരോഹിത ധർമ്മങ്ങളും"*. (* വൈദിക അല്മായ ബന്ധങ്ങൾ, * വൈദികാന്തസിലേക്കുള്ള വിളിയുടേയും ദൈവവിളി പ്രോത്സാഹനത്തിന്റെയും ആവശ്യകത * വൈദികർക്കുവേണ്ടിയുള്ള പ്രാർത്ഥനയും വൈദിക പരിശീലനത്തിനുള്ള സഹകരണവും *പാലക്കാടിന്റെ പ്രത്യേക സാഹചര്യത്തിൽ വൈദികർക്ക് നേരിട്ടേക്കാവുന്ന ബുദ്ധിമുട്ടുകളും പരിഹാരമാർഗ്ഗങ്ങളും) അംഗങ്ങളെല്ലാവരും പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. ക്ലാസ്സുകൾ നയിക്കുന്നത് എറണാകുളം രൂപതാംഗം ഡോ. ഫാ. പോൾ കല്ലൂക്കാരനാണ്.

**ഫാ. തോം കിഴക്കേടത്ത്**
സെക്രട്ടറി, പാസ്റ്ററൽ കൗൺസിൽ

**ജീസസ് ഫ്രട്ടേണിറ്റി ഞായർ**

കെ.സി.ബി.സിയുടെ നേതൃത്വത്തിലുള്ള ജീസസ് ഫ്രട്ടേണിറ്റി ആഗസ്റ്റ് 16–ാം തിയ്യതി ജീസസ് ഫ്രട്ടേണിറ്റി ഞായറായി ആഘോഷിക്കുന്നു. തടവറയിലെ സഹോദരങ്ങളുടെ കുടുംബങ്ങൾക്കും അവരുടെ മക്കൾക്കും സഹായം നൽകുവാൻ അന്നേ ദിവസത്തെ പ്രത്യേക പിരിവ് രൂപതാ കാര്യാലയത്തിൽ ഏൽപ്പിക്കുമല്ലോ.

**തിരുച്ചിറപ്പള്ളി മിഷൻ**

തിമിഴ് നാട്ടിലെ സേലം രൂപതയിലെ മിഷൻ പ്രവർത്തനോടൊപ്പം തന്നെ തൃശ്ച്നാപള്ളി രൂപതയിലും മിഷൻ പ്രവർത്തനം ആരംഭിച്ചിരിക്കുന്നു. വ്യാപാരത്തിലും ഉദ്യോഗസ്ഥ മേഖലകളിലും ജോലി

ചെയ്യുന്ന 50-ലേറെ മലയാളി സീറോമലബാർ കുടുംബങ്ങളുടേയും നൂറു കണക്കിന് കോളേജ് വിദ്യാർത്ഥികളുടേയും ആദ്ധ്യാത്മിക ആവശ്യങ്ങൾക്കായി ബഹുമാനപ്പെട്ട ജോമോൻ പുത്തൻകളത്തി ലിനെ അവിടുത്തെ രൂപതാ അദ്ധ്യക്ഷൻ മോസ്റ്റ് റവ. ആന്റണി ഡിവോട്ട ജൂൺ മാസം മുതൽ നിയമിച്ചിരിക്കുന്നു. അവിടുത്തെ പ്രവർത്തനങ്ങൾ വിജയകരമാകുവാൻ നമുക്ക് പ്രാർത്ഥിക്കാം.

**New Address**

(MM Brothers), Rev. Br. Superior, Zion Illam, Jothipuram P.O., Selvapuram East, Coimbatore - 641047
Tel: 0422 - 2902968

CSsR House, Rev. Fr. Superior, Amalagiri Estate, Kanachiparutha, Korenchira P.O., Palakkad - 678684. Tel: 9605383616

**വൈദികരുടെ മാസധ്യാനം**

ആഗസ്റ്റ് മാസത്തിലെ വൈദികരുടെ മാസധ്യാനം അതാത് ഫൊറോനകളിൽ വെച്ച് നടത്തപ്പെടുന്നതാണ്.

**വൈദികരുടെ വാർഷികധ്യാനം**

രൂപതയിലെ ബഹുമാനപ്പെട്ട വൈദികരുടെ വാർഷിക ധ്യാനം സെപ്റ്റംബർ 14 മുതൽ 19 വരെയായിരിക്കും.

**നിത്യാരാധന കപ്പേള**

**ഓഗസ്റ്റ് 15** മാതാവിന്റെ സ്വർഗ്ഗാരോപണ തിരുന്നാൾ ആയതിനാൽ അന്നേ ദിവസം കപ്പേളയിൽ ആരാധനയും വിശുദ്ധ കുർബാനയും ഉണ്ടായിരിക്കുന്നതല്ല.

**കൈക്കാരന്മാരുടെ സമ്മേളനം**

ഇടവകകളിൽ സേവനം ചെയ്യുന്ന കൈക്കാരന്മാരുടെ രൂപതാ സമ്മേളനം ആഗസ്റ്റ് 8ന് പാസറ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെടുന്നു. രാവിലെ 10 മണിക്ക് ആരംഭിക്കുന്ന സമ്മേളനത്തിലേയ്ക്ക് ബഹു. വൈദികർ തങ്ങളുടെ ഇടവകകളിലെ കൈക്കാരന്മാരെ പറഞ്ഞയക്കേണ്ടതാണ്.

**പള്ളിക്കണക്ക്**

കണക്കുപുസ്തകങ്ങൾ, ഓഡിറ്റിംഗ് കഴിഞ്ഞ പുസ്തകങ്ങൾ രൂപതാ കാര്യാലയത്തിൽനിന്ന് കൊണ്ടുപോകണമെന്ന് അഭ്യർത്ഥിക്കുന്നു.

**ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്**

ന്യൂനപക്ഷ സമുദായങ്ങളിൽ (ക്രിസ്ത്യൻ, മുസ്ലീം) പ്പെട്ട വിദ്യാർത്ഥികൾക്ക് കേന്ദ്രന്യൂനപക്ഷ മന്ത്രാലയം നൽകുന്ന സ്കോളർഷിപ്പിന് അപേക്ഷകൾ ആഗസ്റ്റ് 15 നുമുമ്പ് പഠിക്കുന്ന സ്ഥാപന തലവൻ മുഖേന സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് 2009 ജൂലായ് 29 ബുധനാഴ്ചയിലെ ദീപിക പത്രം പേജ് 4 കാണുക.



## രൂപതാദിന സംഗമം

അഭിവന്ദ്യ പിതാവിന്റെ ഇടയലേഖനത്തിൽ സൂചിപ്പിച്ചതുപോലെ **സെപ്റ്റംബർ 12 ശനിയാഴ്ച രാവിലെ 10.30** മുതൽ രൂപതദിന പരിപാടികൾ ആരംഭിക്കുന്നതാണ്. സമ്മേളനത്തിൽ സംബന്ധിക്കേണ്ടവർ.

1. രൂപത വൈദികർ
2. സന്യാസ വൈദികർ (വികാരിമാർ, അസ്തേന്തിമാർ, ആശ്രമ സുപ്പീരിയേഴ്സ്)
3. മേജർ സുപ്പീരിയേഴ്സ്.
4. സന്യാസിനികൾ (മഠം സുപ്പീരിയേഴ്സ്)
5. കൈക്കാരന്മാർ
6. രൂപതാ പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ
7. പൗരോഹിത്യ രജത, സുവർണ്ണ ജൂബിലിക്കാർ (2009)
8. സന്യാസിനികളിലെ സുവർണ്ണ ജൂബിലിക്കാർ (2009)
9. വിവാഹ സുവർണ്ണ ജൂബിലിക്കാർ (2009)
10. കെ. സി. വൈ. എം. രൂപത ഭാരവാഹികൾ
11. സംഘടനകളുടെ രൂപതാതല പ്രസിഡന്റ്, സെക്രട്ടറിമാർ
12. സംസ്ഥാന തലത്തിൽ ഒന്നും, രണ്ടും, മൂന്നും റാങ്കുകളും സ്ഥാനങ്ങളും നേടിയവർ.

**NB :** ഇടവകയിലെ സുവർണ്ണജൂബിലി ദമ്പതികളുടെ പേരുകൾ ബഹു. വികാരിയച്ചന്മാരും, സന്യാസഭവനങ്ങളിലെ സുവർണ്ണ ജൂബിലിക്കാരുടെ പേരുകൾ സുപ്പീരിയർമാരും 2009 ആഗസ്റ്റ് 15 നു മുമ്പ് വികാരി ജനറാളച്ചനെ ഏല്പിക്കേണ്ടതാണ്.

**മരിയൻ ജൂബിലി മെമ്മോറിയൽ വിദ്യാഭ്യാസ ട്രസ്റ്റ്**

പാലക്കാട് രൂപതയിൽ കത്തോലിക്കരും കുടുംബത്തിന്റെ വാർഷിക വരുമാനം 12,000/- രൂപയിൽ കവിയാത്തവരും ഉപരിപഠനത്തിന് ആഗ്രഹിക്കുന്നവരുമായ സമർത്ഥരായ വിദ്യാർത്ഥികളിൽ നിന്നും മരിയൻ സ്കോളർഷിപ്പിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. ഉയർന്ന വൊക്കേഷണൽ ട്രെയിനിംഗ് കോഴ്സുകൾക്കാണ് മുൻഗണന(ഐ. റ്റി. ഐ, വി. എച്ച്. എസ്. സി, പ്ലസ് ടു എന്നീ കോഴ്സുകൾ പരിഗണിക്കുന്നതല്ല) അപേക്ഷയോടൊപ്പം അഡ്മിഷൻ കിട്ടിയതിന്റെ രേഖയും, മാർക്ക് ലിസ്റ്റിന്റെ കോപ്പിയും നിർബന്ധമായും ഉണ്ടായിരിക്കണം. അപേക്ഷഫോം ബഹു. വികാരിയച്ചന്മർക്ക് വാർഷിക ധ്യാനത്തിനുവരുമ്പോൾ കൊണ്ടുപോകാവുന്നതാണ്. പൂരിപ്പിച്ച അപേക്ഷകൾ 2009 ഒക്ടോബർ 10-ന് മുമ്പായി ഓഫീസിൽ കിട്ടിയിരിക്കണം.

സെക്രട്ടറി, മരിയൻ ജൂബിലി മെമ്മോറിയൽ എഡ്യുക്കേഷണൽ ട്രസ്റ്റ്
ബിഷപ്പ് ഹൗസ്, നൂറണി.പി.ഒ. പാലക്കാട് -678004

## സീറോമലബാർ റിസർച്ച് സെന്റർ അവാർഡ് അപേക്ഷ ക്ഷണിക്കുന്നു.

സീറോമലബാർ സഭയുടെ ഗവേഷണ പഠനങ്ങൾക്കായി സ്ഥാപിച്ചിട്ടുള്ള റിസർച്ച് സെന്ററിന്റെ പത്താം പിറന്നാളിന്റെ ഭാഗമായി സ്ഥാപിക്കപ്പെട്ടിട്ടുള്ള അവാർഡിന്റെ നാമനിർദ്ദേശങ്ങൾ ക്ഷണിക്കുന്നു. ഇരുപത്തയ്യായിരം രൂപയും ഷീൽഡും പ്രശസ്തിപത്രവും അടങ്ങുന്നതാണ് അവാർഡ്. സീറോമലബാർ സഭാ സിനഡിന്റെ അംഗീകാരത്തോടെ നല്കുന്ന ഈ അവാർഡിന് സഭയുടെ പൗരസ്ത്യവും ചരിത്രം ശിക്ഷണക്രമം തുടങ്ങിയ മേഖലകളിൽ ശ്രദ്ധേയവും വിലപ്പെട്ടതുമായ മികച്ച സംഭാവനകൾ നൽകിയ സീറോമലബാർ അംഗങ്ങളിൽ നിന്നാണ് നാമനിർദ്ദേശങ്ങൾ ക്ഷണിക്കുന്നത്. വർഷത്തിലൊരിക്കലായിരിക്കും ഈ അവാർഡ് നൽകപ്പെടുന്നത്. നിയമാവലി അനുസരിച്ച് ഈ വർഷം മേൽപ്പറഞ്ഞ മേഖലകളിൽ മികച്ച പ്രവർത്തനങ്ങൾ നടത്തി വ്യക്തിമുദ്ര പതിപ്പിച്ച വൈദികരുടേയും സന്യസ്തരുടേയും അല്മായരുടേയും പേരുകളാണ് ക്ഷണിക്കുന്നത്. 2008 ഡിസംബർ 30 വരെയുള്ള സംഭാവനകൾ മാത്രമെ സ്വീകരിക്കുകയുള്ളൂ. അവാർഡിനായി പരിഗണിക്കപ്പെടേണ്ട വ്യക്തിയുടെ സംഭാവനകളെ സാക്ഷ്യപ്പെടുത്തുന്ന രേഖകൾ പുസ്തകങ്ങൾ, ലേഖനങ്ങൾ, ചിത്രങ്ങൾ,ഫോട്ടോഗ്രാഫുകൾ തുടങ്ങിയവ നാമനിർദ്ദേശത്തോടൊപ്പം സമർപ്പിക്കേണ്ടതാണ്. നാമനിർദ്ദേശങ്ങൾ 2009 ജൂലൈ 31-നകം ഡയറക്ടർ, ലിറ്റർജിക്കൽ റിസർച്ച് സെന്റർ, മൗണ്ട് സെന്റ് തോമസ്, പി.ബി.നമ്പർ 3110, കാക്കനാട് പി.ഒ. കൊച്ചി 682030, ഇൻഡ്യ എന്ന വിലാസത്തിൽ ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്.



## സെമിനാരി വാർത്തകൾ

ഈ വർഷം (2009) നമ്മുടെ മൈനർ സെമിനാരിയിൽ ചേർന്നവർ.

| | |
|---|---|
| 1 ആലുങ്കൽ തോമസ് (സോബിൻ) | മൈലംപുള്ളി |
| 2 ആഞ്ഞിലീമൂട്ടിൽ വർഗീസ് (ബെന്നി) | കൂനത്തറ |
| 3 അറയ്ക്കൽ വർഗീസ് (സജു) | പുളിയാംകുളം |
| 4 ആയല്ലൂർ ചാക്കോ (സോബിൻ) | മെഴുകുംപാറ |
| 5 കണ്ടത്തിൽ ജോൺ (ജിബിൻ) | കാഞ്ഞിരപുഴ |
| 6 കണിവയലിൽ ജോർജ് (അശ്വിൻ) | വാക്കോടൻ ഡാം |
| 7 കൊച്ചറയ്ക്കൽ അഗസ്റ്റിൻ(അൻസൻ) | ഇരിമ്പുപാലം (ഇടുക്കി) |
| 8 മാളിയേക്കൽ ജെയ്ക്കബ്ബ് (ജാക്സൺ) | കാഞ്ഞിരപുഴ |
| 9 മാമ്പിള്ളിത്തടത്തിൽ ജെയ്ക്കബ്ബ് (സിനൊ) | പറക്കാട്(തൃശ്ശൂർ) |
| 10 മുടപോത്തനാൽ മാത്യു (പ്രിൻസ്) | ചുള്ളിയാംകുളം |
| 11 പതിയൻ വർഗീസ് (ലീറാസ്) | മേലാർക്കോട് |
| 12 പുലവേലിൽ ജോൺ (ജിബിൻ) | മണ്ണാർക്കാട് |
| 13 വലിയപാടത്ത് ജോൺ (ജോൺസൻ) | തത്തമംഗലം |

**ഫാ.റെക്ടർ, കല്ലേപുള്ളി.**





## ഫാമിലി അപ്പോസ്തലേറ്റ്

**പ്രീകാന കോഴ്സ്**

**ആഗസ്റ്റ് 3, 4, 5, 6 – സെപ്റ്റംബർ 7, 8, 9, 10**

തിങ്കളാഴ്ച രാവിലെ 9.30 മുതൽ വ്യാഴാഴ്ച ഉച്ചക്ക് 1.00 മണിവരെ

വിവാഹ ഒരുക്കമായുള്ള കോഴ്സിൽ പങ്കെടുക്കുന്ന കുട്ടികളുടെ മാതാപിതാക്കന്മാർക്ക് കോഴ്സ് അസാനിക്കുന്ന വ്യാഴാഴ്ച രാവിലെ 10 മണിമുതൽ 12 മണിവരെ ഒരു ക്ലാസ്സ് സജ്ജീകരിച്ചിട്ടുണ്ട്. ഒരു പുതിയ അംഗം കുടുംബത്തിലേക്ക് വരുമ്പോൾ എങ്ങനെ സ്വീകരിക്കുമെന്ന് മാതാപിതാക്കന്മാരെ ബോധവൽക്കരിക്കുന്ന ഒരു സംരംഭമാണിത്. അതുകൊണ്ട് എല്ലാ മാതാപിതാക്കന്മാരും ഈ കോഴ്സിൽ പങ്കെടുക്കേണ്ടതാണ്.

**ദമ്പതികൾക്കുള്ള ഏകദിന സെമിനാർ**

ആഗസ്റ്റ് 8-9 തിയ്യതികളിൽ വിവാഹം കഴിഞ്ഞ 10 വർഷത്തിനു താഴെയുള്ള ദമ്പതികൾക്കായി ഒരു സെമിനാർ നടത്തപ്പെടുന്നു. ആഗസ്റ്റ് 8 ശനി രാവിലെ 9.00 മണിക്ക് രജിസ്ട്രേഷൻ ആരംഭിക്കും. 9.30-ന് ക്ലാസ്സ് ആരംഭിക്കും. ഞായറാഴ്ച ഉച്ചക്ക് 1.00 മണിക്ക് അവസാനിക്കും. കുടുംബജീവിതത്തിന് ഉപകാരപ്രദമായ ക്ലാസ്സുകളും ചർച്ചകളും കൗൺസിലിംഗും ധ്യാനവുമാണ് പ്രധാന കർമ്മപരിപാടികൾ. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ബഹുമാനപ്പെട്ട വികാരി വഴി 5-ാം തിയ്യതിക്കുമുമ്പായി ഫോൺ നമ്പർ സഹിതം താഴെ പറയുന്ന അഡ്രസ്സിൽ അറിയിക്കേണ്ടതാണ്.

ബഹുമാനപ്പെട്ട സിസ്റ്റർ സുപ്പീരിയർമാർ ഇതിനുവേണ്ട സഹായങ്ങൾ ചെയ്യുമല്ലോ.

**Director Family Apostolate, Pastoral Centre,**

Pallipuram P.O., Palakkad-678 006. Tel: 09600420750, 9633055073

**കുടുംബ നവീകരണ സെമിനാറുകൾ**

കുടുംബ നവീകരണ സെമിനാറുകൾ നടത്തുവാൻ ഇടവകകളിലേക്ക് റിസോഴ്സ് ടീം ആവശ്യമുണ്ടെങ്കിൽ ബഹു. വികാരിമാർ ഫാമിലി അപ്പോസ്റ്റലേറ്റ് കേന്ദ്രവുമായി ബന്ധപ്പെട്ടുക. ഞായറാഴ്ചകൾ ഉൾപ്പടെ സജ്ജീകരിക്കുന്നതാണ്.

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**

ഡയറക്ടർ, ഫാമിലി അപ്പോസ്റ്റലേറ്റ്.

## Names of priests who are to lead the adoration at Nithyaaraadhana Chapel, Palakkad.

| Date | Day | Name |
|---|---|---|
| 01-09-09 | TUE | Rev. Fr. Pulikottil Vincent |
| 02-09-09 | WED | Rev. Fr. Pullukalayil Reny |
| 03-09-09 | THU | Rev.Fr. Puramadathil Jino |
| 04-09-09 | FRI | Rev. Fr. Puthanagady Varghese |
| 05-09-09 | SAT | Rev.Fr. Puthenpurayil Joshy |
| 07-09-09 | MON | Rev. Fr. Puthukara John |
| 08-09-09 | TUE | Rev. Fr. Puthur Joseph |
| 09-09-09 | WED | Rev. Fr. Thaikattil Anto |
| 10-09-09 | THU | Rev. Fr. Thamarassery Sebastian |
| 11-09-09 | FRI | Rev. Fr. Thanickal Thomas |
| 12-09-09 | SAT | Rev. Fr. Tharaniyil Paul |
| 14-09-09 | MON | Rev. Fr. Thattil Martin |
| 15-09-09 | TUE | Rev. Fr. Thattil Sebastian |
| 16-09-09 | WED | Rev. Fr. Thekkinedath Joby |
| 17-09-09 | THU | V. Rev. Fr. Theruvankunnel George |
| 18-09-09 | FRI | Rev. Fr. Thoonikavil Jose Prakas |
| 19-09-09 | SAT | Rev. Fr. Thottankara Francis |
| 21-09-09 | MON | V. Rev. Fr. Thottian Paul |
| 22-09-09 | TUE | Rev. Fr. Thukkuparambil Betson |
| 23-09-09 | WED | Rev. Fr. Thuruthuvelil Nilesh |
| 24-09-09 | THU | Rev. Fr. Thuruthipally George |
| 25-09-09 | FRI | Rev. Fr. Vadakkekara Goji |
| 26-09-09 | SAT | Rev. Fr. Vadakkekara Tom |
| 28-09-09 | MON | V. Rev. Fr. Vadakkumchery Thomas |
| 29-09-09 | TUE | Rev. Fr. Vadakken Jaison |
| 30-09-09 | WED | Rev. Fr. Valayathil Xavier |

**NB: The Rev. Fathers are to reach the Adoration Chapel on the previous day at 4.00 p.m and do the ministry till 4.00 p.m on the given day.**





## വിശ്വാസപരിശീലനവേദി

**മതാദ്ധ്യാപക സെമിനാറുകൾ**

ഈ വർഷത്തെ മതബോധനവിഷയമായ "അനുരഞ്ജനകൂദാശ ജീവിത വിശുദ്ധീകരണത്തിന്" എന്നതിനെ ആസ്പദമാക്കി ഏകദിന സെമിനാറുകൾ നടന്നുകൊണ്ടിരിക്കുന്നു. വടക്കുഞ്ചേരി ഫൊറോനയിൽ റവ. ഡോ. മാത്യു ഇല്ലത്തുപറമ്പിലും, താവളം ഫൊറോനയിൽ റവ. ഡോ. അബ്രഹാം പാലത്തിങ്കലും കാഞ്ഞിരപ്പുഴ പാലക്കാട് ഫെറോനകളിൽ റവ. ഫാ. സ്റ്റീഫൻ കണിപള്ളിയും, മേലാർക്കോട് ഫൊറോനയിൽ റവ. ഡോ. ആന്റണി നരികുളവും മണ്ണാർക്കാട് ഫൊറോനയിൽ ഫ. ജോർജ് തുരുത്തിപ്പള്ളിയും ക്ലാസ്സുകൾ നയിച്ചു. മതാദ്ധ്യാപകരുടെ സജീവമായ സാന്നിദ്ധ്യത്തിന് നന്ദി.

**തുടർന്നു വരുന്ന മതാദ്ധ്യാപക സെമിനാറുകൾ.**

| | | |
|---|---|---|
| ആഗസ്റ്റ് 8 ശനി | 9.30 am to 4.00 pm | ഒലവക്കോട് ഫൊറോന (ഫൊറോനപാരിഷ്ഹാൾ) |
| ആഗസ്റ്റ് 8 ശനി | 9.30 am to 4.00 pm | ഒറ്റപ്പാലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ആഗസ്റ്റ് 13 വ്യാഴം | 9.30 am to 4.00 pm | കോയമ്പത്തൂർ റീജിയൺ (രാമനാഥപുരംപാരിഷ് ഹാൾ) |

**X & HDC സെമിനാറുകൾ**

X, I&II HDC ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കായി, അവരുടെ പഠനവിഷയങ്ങളെ ഉൾക്കൊള്ളിച്ച്, വിശ്വാസ ജീവിതത്തിന്റെ പ്രായോഗികവശങ്ങൾ കൂടുതൽ വ്യക്തമാക്കിക്കൊടുക്കുക എന്ന ലക്ഷ്യത്തോടെ ഫൊറോനാതലത്തിൽ സെമിനാറുകൾ നടന്നുകൊണ്ടിരിക്കുന്നു. കുട്ടികൾ, തങ്ങളുടെ പഠനത്തിന്റെ പ്രധാന ഘട്ടം ഏറ്റവും നന്നായി പൂർത്തിയാക്കുന്നതിന് പ്രചോദനം നൽകുവാൻ ഇത് സഹായകമായിരിക്കും.

അദ്ധ്യയനവർഷത്തിലെ ഞായറാഴ്ചകളിൽത്തന്നെയാണ് ഇവ ക്രമീകരിച്ചിരിക്കുന്നത്. രാവിലെ 9.30 ന് ആരംഭിച്ച് 4.00 മണിയ്ക്ക് അവസാനിക്കുന്നു. സെമിനാർ ദിവസം അതാതു കേന്ദ്രങ്ങളിൽ വി. കുർബാന ഉണ്ടായിരിക്കുന്നതാണ്. പ്രസ്തുത കുർബാനയിൽ എല്ലാവരും പങ്കെടുക്കേണ്ടതാണ്. രജിസ്ട്രേഷൻഫീസ്. 15 രൂപയാണ്.

**തുടർന്നു വരുന്ന X,I&II HDC സെമിനാറുകൾ**

| | | |
|---|---|---|
| ആഗസ്റ്റ് 2 ഞായർ | 9.30 am to 4.00 pm | കാഞ്ഞിരപ്പുഴ ഫൊറോന (ഫൊറോനപാരിഷ്ഹാൾ) |

| | | |
|---|---|---|
| ആഗസ്റ്റ് 9 ഞായർ | 9.30 am to 4.00 pm | പാലക്കാട് ഫൊറോന (പാസ്റ്ററൽ സെന്റർ) |
| ആഗസ്റ്റ് 16 ഞായർ | 9.30am to 4.00 pm | ഒറ്റപ്പാലം ഫൊറോന (ഫൊറോന പാരിഷ് ഹാൾ) |
| ആഗസ്റ്റ് 23 ഞായർ | 9.30 am to 4.00 pm | താവളം ഫൊറോന (സെഹിയോൻധ്യാനകേന്ദ്രം) |
| ആഗസ്റ്റ് 30 ഞായർ | 9.30 am to 4.00 pm | വടക്കഞ്ചേരി ഫൊറോന (ചെറുപുഷ്പം സ്കൂൾ) |
| സെപ്തം.6 ഞായർ | 9.30 am to 4.00 pm | കോയമ്പത്തൂർ റീജിയൺ (രാമനാഥപുരം പാരിഷ്ഹാൾ) |
| സെപ്തം. 13 ഞായർ | 9.30 am to 4.00 pm | മേലാർക്കോട് ഫൊറോന (മംഗലംഡാം ലൂർദ്മാതാ സ്കൂൾ) |
| സെപ്റ്റം.20 ഞായർ | 9.30 am to 4.00 pm | ഒലവക്കോട് ഫൊറോന (സെന്റ് തോമസ് സ്കൂൾ) |

**ജനറൽ ക്വിസ് 2009**

ജനറൽ ക്വിസ് 2009 എന്ന പുസ്തകം സാൻജോബുക്ക് സറ്റാളിൽ നിന്നും ലഭിക്കുന്നതാണ്.

**യൂണിററ് സന്ദർശനം**

യൂണിറ്റുകളിൽ വിശ്വാസപരിശീലനത്തിന് പ്രോത്സാഹനവും, നിർദ്ദേശങ്ങളും നൽകുക എന്ന ലക്ഷ്യത്തോടെ യൂണിറ്റ് സന്ദർശനങ്ങൾ ആരംഭിച്ചു.ആലത്തുർ ലിറ്റിൽ ഫ്ളവർ സൺഡേ സ്കൂളിൽ വിശ്വാസ പരിശീ ലന വർഷാരംഭദിനം റവ. ഫാ. മാത്യു വാഴയിൽ ഉദ്ഘാടനം ചെയ്തു. വചനഗിരി, വാൽക്കുളമ്പ്, കരിമ്പ, ഇടയപാളയം, കാരകുറിശ്ശി, ണ്ണാർക്കാട് എന്നീ യൂണിറ്റുകൾ സന്ദർശിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

**സ്റ്റാറ്റിസ്റ്റിക്സ്ക്& ന്യൂ റ്റിച്ചേഴ്സ് ഫോം**

സൺഡേസ്കൂളിന്റെ സ്റ്റാറ്റിസ്റ്റിക്സ്, പുതിയ അദ്ധ്യാപകരുടെ സർവ്വീസ് ഡാറ്റാഫോം എന്നിവ ഇനിയും മതബോധന കേന്ദ്രത്തിൽ എത്തിക്കാത്തവർ എത്രയും പെട്ടെന്ന് അവ എത്തിക്കേണ്ടതാണ്.

**രൂപതാമതബോധന കൗൺസിൽ**

ആഗസ്റ്റ് 1–ാം തിയ്യതി ശനിയാഴ്ച രൂപതാ മതബോധന കൗൺസിൽ മീറ്റിംഗ് രാവിലെ 10 മണിമുതൽ 1 മണിവരെ പാസ്റ്ററൽ സെന്ററിൽ വെച്ച് നടക്കുന്നു. രൂപത കൗൺസിൽ അംഗങ്ങളെല്ലാവരും പ്രസ്തുത മീറ്റിംഗിൽ സംബന്ധിക്കേണ്ടതാണ്. മതാദ്ധ്യാപക ദിനാഘോഷമാണ് ചിന്താവിഷയം.

**മതാദ്ധ്യാപകരുടെ സാഹിത്യമത്സരങ്ങൾ**

ഉപന്യാസം, കവിത, ചെറുകഥ എന്നിവയിൽ മതാദ്ധ്യാപകർക്കായി





മത്സരങ്ങൾ സംഘടിപ്പിക്കുന്നു. 'അനുരഞ്ജനകൂദാശ ജീവിത വിശുദ്ധീകരണത്തിന്' എന്ന മതബോധന വിഷയത്തെ ആസ്പദമാക്കിയാണ് സാഹിത്യമത്സരങ്ങൾ നടത്തുക. (ഉപന്യാസം 5–10 പേജുകൾ, കവിത 20–40 വരികൾ, ചെറുകഥ 3–5 പേജുകൾ) സെപ്റ്റംബർ 1–ാം തിയ്യതിയ്ക്ക് മുമ്പായി രചനകൾ മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**മതാദ്ധ്യാപക അവാർഡുകൾ**

രൂപതയിൽ 15,25,35 വർഷങ്ങൾ അദ്ധ്യാപനം പൂർത്തിയാക്കിയ മതാദ്ധ്യാപകർക്ക് അവാർഡുകൾ നൽകി ആദരിക്കുന്നു. അവാർഡുകൾ ലഭിക്കുന്നതിനായി പൂരിപ്പിച്ചുതരേണ്ട ഫോം മതബോധന കേന്ദ്രത്തിൽ നിന്ന് വാങ്ങാവുന്നതാണ്. പൂരിപ്പിച്ച അപേക്ഷാഫോം സെപ്റ്റംബർ 15–ാം തിയ്യതിക്കു മുൻപായി മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**കുട്ടികളുടെ ചെറുകഥാ ഉപന്യാസമത്സരം**

V മുതൽ II HDC വരെയുള്ള മതബോധന വിദ്യാർത്ഥികൾക്കായി സെപ്റ്റംബർ 6–ാം തിയ്യതി ഞായറാഴ്ച ചെറുകഥാ മത്സരവും സെപ്റ്റംബർ 20–ാം തിയതി ഞായറാഴ്ച ഉപന്യാസമത്സരവും നടക്കുന്നു. മത്സരവിഷയം മതബോധനവിഷയത്തോടനുബന്ധിച്ചായിരിക്കും.

**കയ്യെഴുത്ത് മാസികാ മത്സരം**

5 മുതൽ 12 വരെയുള്ള ക്ലാസ്സുകളുടെ കുട്ടികൾക്കാണ് കയ്യെഴുത്ത് മാസിക മത്സരം സംഘടിപ്പിച്ചിരിക്കുന്നത്. മാസികയുടെ നീളം 12 ഇഞ്ചും വീതി 9 ഇഞ്ചും ആയിരിക്കണം. വരച്ച ചിത്രങ്ങളല്ലാതെ ഫോട്ടോകൾ പാടില്ല. ഈ വർഷത്തെ പഠനവിഷയത്തെ ആസ്പദമാക്കി രണ്ട് രചനകളെങ്കിലും ഉണ്ടായിരിക്കണം. 150 പേജിൽ കവിയാനും 100 പേജിൽ കുറയാനും പാടില്ല. മാസികയുടെ പേര് കഴിഞ്ഞുള്ള പേജിൽ ഒന്നും എഴുതാതിരിക്കാൻ ശ്രദ്ധിക്കണം. 2009 ഡിസംബർ 1–ാം തിയ്യതി ഫൊറോന ഡയറക്ടറെ കയ്യെഴുത്ത് മാസിക ഏൽപ്പിക്കേണ്ടതാണ്. ഒരു ഇടവകയിൽ നിന്ന് ഒരു കയ്യെഴുത്ത് മാസിക മാത്രമെ സ്വീകരിക്കുകയുള്ളു. മലയാളം, ഇംഗ്ലീഷ്, തമിഴ് ഭാഷകളിൽ രചനകൾ ആകാം.

**HDC കറസ്പോണ്ടൻസ് കോഴ്സ്**

വിശ്വാസ പരിശീലനത്തിന്റെ പ്രധാനപ്പെട്ട സമയമാണല്ലോ HDC പരിശീലന കാലഘട്ടം വിശ്വാസ പരിശീലനം നേരിടുന്ന ഒരു പ്രധാനവെല്ലുവിളിയാണ് ഞായറാഴ്ചകളിൽ നടത്തപ്പെടുന്ന എൻട്രൻസ് കോച്ചിംഗ് ക്ലാസുകളും ഓപ്പൻ സ്കൂളുകളും. ഇവ മൂലം വിശ്വാസ പരിശീലന ക്ലാസ്സുകളിൽ സംബന്ധിക്കാത്ത കുട്ടികളെ മാത്രം ലക്ഷ്യം വെച്ച് മതബോധന കേന്ദ്രത്തിൽ HDC കറസ്പോണ്ടൻസ് കോഴ്സ് സംഘടിപ്പിക്കുന്നു. ഇതിൽ സംബന്ധിക്കാൻ ആഗ്രഹിക്കുന്ന കുട്ടികൾ പ്രസ്തുത ഫോറം പൂരിപ്പിച്ച് വികാരി

യച്ചന്റെയും എൻട്രൻസ് കോച്ചിംഗ് സ്ഥാപനത്തിന്റെയും പഠിക്കുന്ന സ്ഥാപനത്തിന്റെ സാക്ഷ്യപത്രവും രജിസ്ട്രേഷൻ ഫീസായ 100 രൂപ സഹിതം മതബോധന കേന്ദ്രത്തിൽ ആഗസ്റ്റ് 30 ന് മുമ്പായി ഏൽപ്പിക്കേണ്ടതാണ്.

ക്ലാസ്സ് തിയ്യതികൾ: ഒക്ടോബർ 17, ഡിസംബർ 26, ജനുവരി 26 (സമയം 10 am to 3.30 pm, പാസ്റ്ററൽ സെന്റർ)

**മതാദ്ധ്യാപകധ്യാനം**

മതാദ്ധ്യാപകർക്കായി താമസിച്ചുള്ള ധ്യാനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽവെച്ച് സെപ്റ്റംബർ 10,11,12,13 തിയ്യതികളിൽ നടത്തപ്പെടുന്നു. ധ്യാനത്തിൽ സംബന്ധിക്കുന്നവർ മുൻക്കൂട്ടി മതബോധന കേന്ദ്രത്തിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 200 പേർക്ക് മാത്രമെ അവസരം ഉണ്ടായിരിക്കുകയുള്ളൂ. രജിസ്ട്രേഷൻ ഫീസ് 150 രൂപയാണ്. ആഗസ്റ്റ് 15 വരെ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

**ക്രിസ്റ്റീൻധ്യാനം**

വിശ്വാസപരിശീലനക്ലാസ്സുകളിലൂടെ ലഭിച്ച മിശിഹാനുഭവം ആഴപ്പെടുത്തുന്നതിനും പ്രായോഗിക തലങ്ങളിൽ തീഷ്ണതയുള്ള കുട്ടികളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടുകൂടി സെപ്റ്റംബർ 2 മുതൽ 5 വരെ വടക്കഞ്ചേരി ഫൊറോനയിലും സെപ്റ്റംബർ 10,11,12,13 എന്നീ തിയ്യതികളിലായി മണ്ണാർക്കാട് ഫൊറോനയിലും ക്രിസ്റ്റീൻ ധ്യാനങ്ങൾ നടത്തുന്നു. രജിസ്ട്രേഷൻ ഫീസ് 150 രൂപ.

**സൺഡേസ്കൂൾ ക്വസ്റ്റ്യൻബാങ്ക്**

ഒന്നാം സെമസ്റ്റർ പരീക്ഷക്കുവേണ്ടി 12-ാം ക്ലാസ്സിലെ മോഡൽ ചോദ്യപേപ്പർ ഇനിയും തരാത്ത അദ്ധ്യാപകർ ചോദ്യപേപ്പർ തയ്യാറാക്കി ഉടൻ തന്നെ മതബോധനകേന്ദ്രത്തിൽ എത്തിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**ഒന്നാം സെമസ്റ്റർ പരീക്ഷ**

ഞായറാഴ്ച വേദോപദേശത്തിന്റെ ഒന്നാം സെമസ്റ്റർ പരീക്ഷ സെപ്റ്റംബർ 27-ാം തിയ്യതി ഞായറാഴ്ച നടക്കുന്നു. V മുതൽ II HDC ക്ലാസ്സുവരെ ഒന്നാം സെമസ്റ്റർ പരീക്ഷ 100 മാർക്കിൽ ആയിരിക്കും. പഠന ഭാഗം 80മർക്ക് ജനറൽ ക്വിസ് 10 മാർക്ക്. ലോഗോസ് ക്വിസ് (ഉൽപ. 27-38) 10 മാർക്ക്. ആദ്യ സെമസ്റ്ററിൽ ഇന്റേണൽ മാർക്ക് ഉണ്ടായിരിക്കുകയില്ല. I മുതൽ IV ക്ലാസ്സുവരെ 80 മാർക്കിൽ ആയിരിക്കും പരീക്ഷ.

**ലോഗോസ് ക്വിസ് 2009**

V മുതൽ II HDC വരെയുള്ള ക്ലാസ്സുകളിൽ വിശ്വാസ പരിശീലനം നേടുന്ന എല്ലാ കുട്ടികളും മതാദ്ധ്യാപകരും ലോഗോസ് ക്വിസ് മത്സരത്തിൽ പങ്കെടുക്കേണ്ടതാണ്. രജിസ്ട്രേഷൻ സമാപനഘട്ടത്തിൽ എത്തിയിരിക്കുന്നു. ഫീസ് 10 രൂപയാണ്. കുട്ടികളുടെ ക്ലാസ്സുകൾ കൃത്യമായും വ്യക്ത





മായും എഴുതേണ്ടതാണ്. അവർക്ക് ക്ലാസ്സ് തലത്തിൽ സമ്മാനങ്ങൾ മതബോധനകേന്ദ്രത്തിൽ നിന്നും നൽകുന്നതാണ്.

1. സൺഡേസ്കൂൾ ക്ലാസ്സ് അടിസ്ഥാനത്തിൽ 1, 2, 3 സ്ഥാനക്കാർ.
2. ഏറ്റവും കൂടുതൽ അംഗങ്ങളെ ചേർത്ത ഇടവകകൾ.
3. ആനുപാതികമായി ഏറ്റവും കൂടുതൽ അംഗങ്ങളെ ചേർത്ത ഇടവകകൾ
4. 100% പരീക്ഷ എഴുതിയ സൺഡേസ്കൂളുകൾ എന്നിവർക്ക് പ്രത്യേകം ട്രോഫികളും സമ്മാനങ്ങളും നൽകുന്നതാണ്.

**കടുകുമണി ക്വിസ് അഭിനന്ദനങ്ങൾ!!**

പാലക്കാട് യുവക്ഷേത്രയിൽ വച്ചു നടന്ന കടുകുമണി മിഷൻ ക്വിസിന്റെ സംസ്ഥാന തല മത്സരത്തിൽ സീനിയർ വിഭാഗത്തിൽ 3-ാം പ്രാവശ്യവും നമ്മുടെ രൂപതയിലെ ചന്ദ്രനഗർ ഇടവകയിലുള്ള ആൻഞ്ചലിൽ ആൻ മാത്യുവും വടക്കുഞ്ചേരി ഫൊറോന പള്ളിയിലെ അനിഷ്മ ജോയിയും അടങ്ങുന്ന ടീം 1-ാം സ്ഥാനം നേടി. ക്യാഷ് അവാർഡും റോളിംഗ് ട്രോഫിയും കരസ്ഥമാക്കി. ജൂനിയർ വിഭാഗത്തിൽ മൂന്നാം സ്ഥാനം ഫ്ളവി ആൻസൺ വല്യാറയും(സെന്റ് ജോസഫ് ചർച്ച് ഒറ്റപ്പാലം) ലിസി വിൻസന്റ്(സെന്റ് തോമസ് ചർച്ച് ഇളവംപാടം) കരസ്ഥമാക്കി. സമ്മാന ജേതാക്കൾക്ക് അഭിനന്ദനങ്ങൾ!!

**റെഗുലർ സ്കൂൾ അദ്ധ്യാപക സെമിനാറുകൾ**

ആഗസ്റ്റ് 8-ാം തിയ്യതി മണ്ണാർക്കാട് മേഖലയിൽ നടത്താനിരുന്ന റെഗുലർ സ്കൂൾ അദ്ധ്യാപക സെമിനാർ മാറ്റി വെച്ചിരിക്കുന്നു. സെമിനാറിന്റെ തിയ്യതി പിന്നീട് അറിയിക്കുന്നതായിരിക്കും. പാലക്കാട്, താവളം മേഖലയിൽ ശ്രീ. വർഗ്ഗീസ് പോൾ, വടക്കഞ്ചേരി മേഖലയിൽ ശ്രീ. ജോബ് ചക്കാലയ്ക്കൽ എന്നിവർ ക്ലാസ്സുകൾ നയിച്ചു. പങ്കെടുത്ത എല്ലാ റെഗുലർ സ്കൂൾ അദ്ധ്യാപകർക്കും നന്ദി.

**റെഗുലർസ്കൂൾ സ്റ്റാറ്റിസ്റ്റിക്സ്, കർമ്മപദ്ധതി**

2009-10 അദ്ധ്യയനവർഷത്തിലെ സ്കൂൾതല വിശ്വാസപരിശീലന പ്രവർത്തനങ്ങളുടെ കർമ്മ പദ്ധതിയും സ്കൂൾ സ്റ്റാറ്റിസ്റ്റിക്സും ഇനിയും തന്നിട്ടില്ലാത്തവർ മതബോധനകേന്ദ്രത്തിൽ ഉടനെ എത്തിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**അദ്ധ്യാപക സെമിനാർ റിപ്പോർട്ട്.**

2009-2010 വർഷത്തിലെ അദ്ധ്യാപക സെമിനാർ റിപ്പോർട്ട് മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ട അവസാന ദിവസം ആഗസ്റ്റ് 17-ാം തിയ്യതി തിങ്കളാഴ്ചയാണ്. റെഗുലർ സ്കൂൾ പ്രധാന അദ്ധ്യാപകർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**ജനറൽ ക്വിസ്**

1. ബനഡിക്ട് പതിനാറാമൻ മാർപ്പാപ്പ പുറപ്പെടുവിച്ച മൂന്നാമത്തെ ചാക്രിക ലേഖനം ഏത്?

ഉ. സത്യത്തിൽ സ്നേഹം (Caritas in veritate)

2. വി. ജോൺമരിയ വിയാനിയുടെ 150-ാംചരമവാർഷികത്തോടനുബന്ധിച്ച് പ്രഖ്യാപിക്കപ്പെട്ട വർഷം ഏത്?

ഉ. പൗരോഹിത്യ വർഷം.

3. പൗരോഹിത്യ വർഷം ആചരിക്കുന്നത് എന്നു മുതൽ എന്നുവരെയാണ്?

ഉ. 2009 ജൂൺ 19 മുതൽ 2010 ജൂൺ 19 വരെ.

4. വൈദികവർഷത്തിന്റെ ആദർശവാക്യം എന്ത്?

ഉ. " ഈശോമിശിഹായുടെ വിശ്വസ്തത
വൈദികരുടെ വിശ്വസ്തത".
(The faithfullness of Christ, The faithfullness of priests)

5. പുനലൂർ രൂപതയുടെ പുതിയ മെത്രാൻ ആര്?

ഉ. ഡോ. സെൽവിസ്റ്റർ പൊന്നുമുത്തൻ

6. കൊച്ചി രൂപതയുടെ പുതിയ മെത്രാൻ ആര്?

ഉ. ഡോ. ജോസഫ് കരിയിൽ

7. യുവജന വർഷത്തിലെ പരിചിന്തന വിഷയം എന്ത്?
യുവജനങ്ങൾ സഭയുടെ പ്രത്യാശ.

8. കൂദാശകളെ വി. അഗസ്റ്റിൻ നിർവ്വചിച്ചത് എങ്ങനെ?

ഉ. വിശുദ്ധമായ അടയാളങ്ങൾ.

9. കൂദാശകളുടെ എണ്ണം 7 എന്ന് നിജപ്പെടുത്തിയ കൗൺസിൽ ഏത്?

ഉ. ഫ്ളോറൻസ് കൗൺസിൽ (1431-1445)

10. മായാത്ത മുദ്രപതിപ്പിക്കുന്ന കൂദാശകൾ ഏവ?

ഉ. മാമ്മോദീസ, സ്ഥൈര്യലേപനം, തിരുപ്പട്ടം

NB: **അദ്ധ്യാപകരുടെ ശ്രദ്ധയ്ക്ക്**

വേദപാഠത്തിന്റെ 1 മുതൽ 12 വരെയുള്ള പുസ്തകങ്ങൾ സീറോമല ബാർ സഭാ കേന്ദ്രത്തിൽ നിന്നും പ്രസിദ്ധീകരിച്ചു കഴിഞ്ഞല്ലോ. ഈ വർഷങ്ങളിൽ പഠിപ്പിച്ചപ്പോൾ അക്ഷരതെറ്റുകളോ, തെറ്റുകളോ, വ്യത്യാസങ്ങളോ നിങ്ങളുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടാകാം. അങ്ങനെ യുള്ള തെറ്റുകൾ ആഗസ്റ്റ് 30ന് മുമ്പായി മതബോധന കേന്ദ്രത്തിൽ അറിയിക്കുവാൻ എല്ലാ അദ്ധ്യാപകരുടേയും സഹകരണം അഭ്യർത്ഥി ക്കുന്നു. പ്രധാനാധ്യാപകർ ഇക്കാര്യം അദ്ധ്യാപകരെ അറിയിച്ച് വേണ്ട ക്രമീകരണം ചെയ്യുമല്ലോ.

**ഫാ. മാത്യു വാഴയിൽ**
ഡയറക്ടർ, വിശ്വാസപരിശീലനവേദി

## ബൈബിൾ അപ്പോസ്തലേറ്റ്
Diocese of Palakkad

**ലോഗോസ് ക്വിസ്സ്- 2009**

ദൈവവചന വർഷത്തിലെ ബൈബിൾ ക്വിസ്സ് മത്സരത്തിലേയ്ക്ക് ഏവർക്കും സ്വാഗതം...

**ലോഗോസ് ക്വിസ് 2009 ന്റെ സവിശേഷതകൾ**

മത്സരത്തിൽ പങ്കെടുക്കുന്നവരെ പ്രായത്തെ അടിസ്ഥാനമാക്കി A B C D E എന്നീ 5 വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. മൂല്യനിർണ്ണയം നട



ത്തുന്നതും സമ്മാനങ്ങൾ നൽകുന്നതും ഈ അടിസ്ഥാനത്തിലായിരിക്കും.

**പങ്കെടുക്കുന്നവരുടെ പ്രായവിഭാഗങ്ങൾ**

A വിഭാഗം: 1-1-1998-ന് ശേഷം ജനിച്ചവർ.
B വിഭാഗം: 1-1-1993 നും31-12-1997 നും ഇടയ്ക്ക് ജനിച്ചവർ
C വിഭാഗം: 1-1-1978 നും31-12-1992 നും ഇടയ്ക്ക് ജനിച്ചവർ
D വിഭാഗം: 1-1- 1958-നും 31-12-1977 നും ഇടയ്ക്ക് ജനിച്ചവർ.
E വിഭാഗം: 31-12-1957ന് മുമ്പ് ജനിച്ചവർ.

രജിസ്ട്രേഷൻ മുൻകൂട്ടി നിർബന്ധമായും ചെയ്തിരിക്കേണ്ട താണ്. ഒരു ഇടവകയേയോ ഒരു കത്തോലിക്ക സ്ഥാപനത്തേയോ ഒരു പരീക്ഷ സെന്ററായി അംഗീകരിക്കുന്നതും അവിടെ നിങ്ങൾക്ക് പേര് രജി സ്റ്റർ ചെയ്യാവുന്നതുമാണ്. രജിസ്ട്രേഷൻ ഫീസ് 10 രൂപ. രജിസ്ട്രേഷൻ ആരംഭിക്കുന്നത് 2009 ജൂൺ 1 നും രജിസ്ട്രേഷൻ അവസാനിക്കുന്നത് 2009 ജൂലൈ 31 നും ആയിരിക്കും. മത്സരത്തിനുള്ള പഠനഭാഗം ഉൽപ്പത്തി 27-50 വരെ അദ്ധ്യായങ്ങളും ഫിലിപ്പിയർക്ക് എഴുതിയ ലേഖനവും. ഉപയോഗി ക്കേണ്ട മലയാളം ബൈബിൾ പി.ഒ.സി. ബൈബിളും, ഇംഗ്ലീഷിന് RSV ബൈബിളുമാണ്. പരീക്ഷാ സമയം രൂപതാതലത്തിൽ 2009 ഒക്ടോബർ 11-ാം തീയതി ഉച്ചകഴിഞ്ഞ് 2.00 മുതൽ 3.30 വരെയും സംസ്ഥാനതലത്തിൽ (ഓരോ രൂപതയിലും 5 വിഭാഗങ്ങളിലായി ഒന്നും, രണ്ടും, മൂന്നും സമ്മാന ങ്ങൾ ലഭിച്ചവർക്കുവേണ്ടി) പി.ഒ.സി. യിൽവെച്ച് 2009 നവംബർ 22 ന് രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 4.00 വരെയുമായിരിക്കും. നിരവധി സമ്മാ നങ്ങൾ അഖിലകേരളാതലത്തിലും രൂപതാതലത്തിലും ഇടവകതലത്തിലും നൽകുന്നു ആകർഷകമായ ക്യാഷ് അവാർഡുകൾ, ഷീൽഡുകൾ, പുസ്ത കങ്ങൾ, സ്വർണ്ണമെഡലുകൾ, ട്രോഫികൾ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ സർട്ടിഫിക്കറ്റുകൾ എന്നീ നിരവധി സമ്മാനങ്ങൾ നൽകപ്പെടു ന്നു. സംസ്ഥാനതല പരീക്ഷയിൽ പങ്കെടുക്കുന്ന എല്ലാവർക്കും സമ്മാന ങ്ങൾ ഉണ്ടായിരിക്കും.

**സമ്മാനങ്ങൾ അഖില കേരളതലത്തിൽ**

എല്ലാ വിഭാഗത്തിലും വച്ച് ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന വ്യക്തിക്ക് തോമാ മല്പാൻ എൻഡോവ്മെന്റ്
10000/- രൂപയും സ്വർണ്ണമെഡലും, സർട്ടിഫിക്കറ്റും.
(ഓരോ വിഭാഗത്തിനും പ്രത്യേകം)

1-ാം സമ്മാനം 3000 രൂപയും സ്വർണ്ണമെഡലും, സർട്ടിഫിക്കറ്റും

2-ാം സമ്മാനം 2000 രൂപയും സ്വർണ്ണമെഡലും, സർട്ടിഫിക്കറ്റും

3-ാം സമ്മാനം 1000 രൂപയും സ്വർണ്ണമെഡലും, സർട്ടിഫിക്കറ്റും

4-ാം സമ്മാനം 500 രൂപയും വെള്ളിമെഡലും, സർട്ടിഫിക്കറ്റും
(ഓരോ വിഭാഗത്തിലും 7 പേർക്കുവീതം)

5-ാം സമ്മാനം 100 രൂപ വിലവരുന്ന ബൈബിൾ സംബന്ധമായ പുസ്തകങ്ങൾ

**സമ്മാനങ്ങൾ രൂപതാതലത്തിൽ**

ഓരോ വിഭാഗത്തിലും പ്രത്യേകം

1-ാം സമ്മാനം 1000 രൂപയും, സർട്ടിഫിക്കറ്റും

2-ാം സമ്മാനം 750 രൂപയും, സർട്ടിഫിക്കറ്റും

3-ാം സമ്മാനം 500 രൂപയും, സർട്ടിഫിക്കറ്റും

4-ാം സമ്മാനം 250 രൂപയും, സർട്ടിഫിക്കറ്റും 7 പേർക്ക് വീതം

5-ാം സമ്മാനം 50 രൂപ വിലവരുന്ന ബൈബിൾ സംബന്ധമായ പുസ്തകവും സർട്ടിഫിക്കറ്റും 15 പേർക്ക് വീതം.

60%ൽ കൂടുതൽ മാർക്ക് വാങ്ങുന്ന A വിഭാഗക്കാർക്കും 70%ൽ കൂടുതൽ മാർക്ക് വാങ്ങുന്ന BCDE വിഭാഗക്കാർക്കും 80% ൽ കൂടുതൽ മാർക്കു വാങ്ങുന്ന എല്ലാവർക്കും കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ സർട്ടിഫിക്കറ്റ് നൽകുന്നതാണ്. ഒക്ടോബർ 11-ാം തീയതി നടത്തുന്ന രൂപതാതല പരീക്ഷയുടെ ഫലവും രൂപതാതല സമ്മാനങ്ങൾ നൽകുന്ന തീയതിയും രൂപതാകേന്ദ്രത്തിൽ നിന്നും അറിയിക്കുന്നതാണ്.

1. സൺഡേസ്കൂൾ ക്ലാസ്സ് അടിസ്ഥാനത്തിൽ 1,2,3 സ്ഥാനക്കാർ
2. ഏറ്റവും കൂടുതൽ അംഗങ്ങളെ ചേർത്ത ഇടവകകൾ
3. ആനുപാതികമായി ഏറ്റവും കൂടുതൽ അംഗങ്ങളെ ചേർത്ത ഇടവകകൾ
4. 100% പരീക്ഷ എഴുതിയ സൺഡേ സ്കൂളുകൾ എന്നിവർക്ക് പ്രത്യേകം ട്രോഫികളും സമ്മാനങ്ങളും നൽകുന്നതാണ്.

**ലോഗോസ് പരീക്ഷയുടെ ചോദ്യങ്ങൾ**

1 പാഠ്യഭാഗത്തു നിന്ന് 92 ചോദ്യങ്ങൾ
2. ലഘു പഠനത്തിലെ മാതൃകചോദ്യങ്ങളിൽ നിന്ന് 5
3. ലഘു പഠനത്തിൽ നിന്ന് 3 ചോദ്യങ്ങൾ (ആകെ 100 ചോദ്യങ്ങൾ)
4. അവസാനത്തെ 36 ചോദ്യങ്ങൾ ഉത്തരങ്ങൾ ചുരുങ്ങിയ വാക്കിൽ എഴുതാനുള്ളതായിരിക്കും.

**കെ.സി.ബി.സി ബൈബിൾ കമ്മീഷൻ സംഘടിപ്പിക്കുന്ന സാഹിത്യമത്സരങ്ങൾ- 2009**

കെ.സി.ബി.സി ബൈബിൾ കമ്മീഷൻ വചനാധിഷ്ഠിത ചിന്തയ്ക്കും സംസ്കാരത്തിനും പ്രോത്സാഹനം നൽകുക എന്ന ലക്ഷ്യത്തോടെ ഈ വചനവർഷത്തിൽ രചനാമത്സരങ്ങൾക്കുള്ള കൃതികളെ ക്ഷണിക്കുന്നു. എല്ലാ രചനകളുടേയും പ്രതിപാദന വിഷയം ബൈബിൾ പ്രമേയങ്ങളായിരിക്കണം. മത്സരങ്ങൾ സംബന്ധിച്ച നിയമങ്ങൾ താഴെചേർക്കുന്നു.

കവിത, കഥ, ലേഖനം, ഏകാങ്കനാടകം എന്നീ ഇനങ്ങളിലാണ് മത്സരം. പ്രതിപാദന വിഷയം ബൈബിളിലെ ഏതു ഭാഗമാണെന്ന് വ്യക്തമാക്കിയിരിക്കണം. എന്നാൽ അവയുടെ ആനുകാലികാവിഷ്ക്കരണങ്ങൾ അനുവദനിയമാണ്. ചെറുകഥ ആറുപേജിലും ലേഖനം പത്തു പേജിലും കവിത അറുപതു വരികളിലും കവിയരുത്. ഏകാങ്കം,





മുപ്പതുമിനിട്ടു കൊണ്ട് അവതരിപ്പിക്കാവുന്നതായിരിക്കണം. അനുകരണമോ വിവർത്തനമോ, മുമ്പ് പ്രസിദ്ധീകരിച്ചിട്ടുള്ളതോ പ്രസിദ്ധീകരണത്തിന് എവിടെയെങ്കിലും ഏൽപ്പിച്ചിട്ടുള്ളതോ ആയിരിക്കരുത്. ജൂനിയർ, സീനിയർ തിരിവോ പ്രായപരിധി നിബന്ധനകളോ രചനാ മത്സരങ്ങൾക്കില്ല.

ലേഖനമത്സരം അത്മായർ സെമിനാരി വിദ്യാർത്ഥികൾ, സന്യാസിനികൾ എന്നീ ഗ്രൂപ്പുകൾക്ക് വെവ്വേറെയായിരിക്കും. ഓരോ ഗ്രൂപ്പിലുമുള്ള വിഷയം താഴെ കൊടുക്കുന്നു.

ഗ്രൂപ്പ് നമ്പർ 1 അല്മായർ

വിഷയം : പൗരോഹിത്യവർഷവും പൗരോഹിത്യ ധർമ്മാനുഷ്ഠാനങ്ങളും അവയുടെ ആനുകാലിക പ്രാധാന്യം

ഗ്രൂപ്പ് നമ്പർ 2 സെമിനാരി വിദ്യാർത്ഥികൾ

വിഷയം : ക്രിസ്തുവിന്റെ വിശ്വസ്തത പുരോഹിതരുടെ വിശ്വസ്തതയ്ക്ക് മാതൃക.

ഗ്രൂപ്പ് നമ്പർ 3 സന്യാസിനികൾ

വിഷയം ദൈവരാജ്യത്തിന്റെ ഈ ലോകത്തിലെ സാന്നിദ്ധ്യമായ സഭാഗാത്രത്തെ പടുത്തുയർത്തുന്നതിൽ സന്യസ്തരുടെ പങ്ക്

മത്സരത്തിനയ്ക്കുന്ന കൃതികളോടൊപ്പം 50/- രൂപ വീതം രജിസ്ട്രേഷൻ ഫീസും (MO/DD) വികാരിയുടെയോ/ സുപ്പീരിയറിന്റെയോ സാക്ഷ്യപത്രവും അയയ്ക്കേണ്ടതാണ്. ഇവ രണ്ടും ലഭിക്കാത്ത രചനകൾ സ്വീകരിക്കുന്നതല്ല. മത്സരത്തിനയയ്ക്കുന്ന കൃതികൾ തിരിച്ചു നൽകുന്നതല്ല. കോപ്പികൾ ആവശ്യമുള്ളവർ മത്സരത്തിന്നയയ്ക്കുന്നതിനുമുമ്പ് വേറെ കരുതേണ്ടതാണ്. സമ്മാനാർഹമാകുന്ന കൃതികൾ ആദ്യം പ്രസിദ്ധീകരിക്കാനുള്ള അവകാശം കെ. സി.ബി.സി ബൈബിൾ കമ്മീഷനായിരിക്കും. കൃതികൾ ലഭിക്കേണ്ട അവസാന തീയതി 2009 ഒക്ടോബർ 30 ആണ്. വൈകിയെത്തുന്ന കൃതികൾ സ്വീകരിക്കുന്നതല്ല.

ഒന്നും, രണ്ടും മൂന്നും സ്ഥാനത്തെത്തുന്ന സമ്മാനാർഹർക്ക് സർട്ടിഫിക്കറ്റും, ബൈബിളും താഴെ കൊടുത്തിരിക്കുന്നതനുസരിച്ച് ക്യാഷ് അവാർഡും നൽകുന്നതാണ്.

| മത്സര ഇനം | രജി.ഫീസ് | 1 | 2 | 3 |
|---|---|---|---|---|
| 1 കവിത | 50 | 2000 | 1500 | 1000 |
| 2 ചെറുകഥ | 50 | 2000 | 1500 | 1000 |
| 3 ഏകാങ്ക നാടകം | 50 | 2000 | 1500 | 1000 |
| 4 ലേഖനം-1 | 50 | 2000 | 1500 | 1000 |
| 5 ലേഖനം-2 | 50 | 2000 | 1500 | 1000 |
| 6 ലേഖനം-3 | 50 | 2000 | 1500 | 1000 |

**കൃതികൾ അയക്കേണ്ട വിലാസം**

സെക്രട്ടറി, ബൈബിൾ കമ്മീഷൻ, പി.ഒ.സി, പി.സി നമ്പർ 2251, പാലാരിവട്ടം, കൊച്ചി-682025

**ഫാ. മാത്യു വാഴയിൽ**
ഡയറക്ടർ , ബൈബിൾ അപ്പസ്റ്റോലേറ്റ്

# ചെറുപുഷ്പ മിഷൻ ലീഗ്

1 ശനി മേഖല രൂപതാ സാഹിത്യമത്സരത്തിലെ ശാഖയിൽ നിന്നുള്ള മികച്ച രചനകൾ മേഖലയിൽ എത്തിക്കുക.

4 ചൊവ്വ വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ
ഇടവക വൈദികദിനം, ശാഖാ ഡയറക്ടർമാർക്കുവേണ്ടി പ്രാർത്ഥിക്കുക, ആശംസകൾ അറിയിക്കുക.

15 ശനി പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോഹണ തിരുനാളും സ്വാന്ത്ര്യദിനവും സമുചിതമായി ആഘോഷിക്കുക.
ചിന്താവിഷയം : പരിശുദ്ധ അമ്മ പ്രേക്ഷിതർക്കു മാതൃക

20 വ്യാഴം മേഖലയിലെ മികച്ച സാഹിത്യ രചനകൾ രൂപതയിൽ എത്തിക്കേണ്ട അവസാന ദിവസം.

23ഞായർ മാർ ജോസഫ് ഇരിമ്പൻ പിതാവിന്റെ ചരമദിനം

*പ്രാർത്ഥനാ നിയോഗം* : മാതൃരാജ്യത്തിന്റെ ഭരണാധികാരികൾക്കുവേണ്ടി
മേഖലാതല സെമിനാറുകൾ സംഘടിപ്പിക്കുക (ഭാരവാഹികളുടെ ഉത്തരവാദിത്വവും കടമകളും)

**പ്രവർത്തന വർഷ ഉദ്ഘാടനം**

ചെറുപുഷ്പ മിഷൻലീഗ് പാലക്കാട് രൂപതയുടെ കൗൺസിൽ ജൂലൈ 11 ശനിയാഴ്ച പാലക്കാട് പാസ്റ്ററൽ സെന്ററിൽ വെച്ച് കൂടുകയുണ്ടായി. ഈ മീറ്റിംഗിൽ വെച്ച് 2009-10 പ്രവർത്തന വർഷോദ്ഘാടനവും, മാർഗ്ഗരേഖ പ്രകാശനവും ആയൂർപാലന ഡയറക്ടർ ബഹു. ഫാ. തോം കിഴക്കേടത്ത് നിർവ്വഹിച്ചു.

സംഘടനാ സെക്രട്ടറി ശ്രീ. ജോസ് പുതിയപറമ്പിൽ സംഘടനാപ്രവർത്തനങ്ങൾ നേരിടേണ്ടി വരുന്ന വെല്ലുവിളികളെക്കുറിച്ചും സംഘടനയുടെ പ്രവർത്തന രീതിയെക്കുറിച്ചും, ഈ വർഷത്തെ പഠന വിഷയമായ "വയലേലകളിൽ കർമ്മനിരതരായി" എന്നതിനെ അടിസ്ഥാനമാക്കിയും ക്ലാസ് നയിച്ചു. പ്രസിഡന്റ് ശ്രീ. ജോളി ജോസഫ് അദ്ധ്യക്ഷത വഹിച്ച മീറ്റിംഗിൽ രൂപതാ ഡയറക്ടർ ബഹു. ഫാ ബിജു കല്ലിങ്ങൽ സ്വാഗതം ആശംസിക്കുകയും പുതിയ പ്രവർത്തന വർഷത്തിലേക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. സെക്രട്ടറി ശ്രീ. സന്തോഷ് വള്ളോംകോട്ട് റിപ്പോർട്ടും കണക്കും അവതരിപ്പിക്കുകയും മീറ്റിംഗിന് നന്ദി പറയുകയും ചെയ്തു.

വിവിധ ശാഖകളിൽ നിന്നായി 200 അംഗങ്ങൾ പങ്കെടുത്ത മീറ്റിംഗിന്റെ വിജയത്തിനായി പ്രവർത്തിച്ച എല്ലാ ശാഖാ, മേഖലാ ഭാരവാഹികൾക്കും, രൂപതാ ഭാരവാഹികളായ സി. റിൻസി എഫ്.സി.സി., ജോളി, ബിജു, റോസ്മേരി, സന്തോഷ്, ജെയ്സ് എന്നിവർക്കും പ്രത്യേകം നന്ദി പറയുന്നു.

**ഫാ. ബിജു കല്ലിങ്കൽ**
ഡയറക്ടർ, സി.എം.എൽ





# കെ. സി. വൈ. എം

**യുവജനവർഷ ഉദ്ഘാടനം**

യുവജന വർഷ ഔദ്യോഗിക ഉദ്ഘാടനം ജൂലായ് 21-ാം തിയ്യതി വടക്കഞ്ചേരി ഫൊറോനയുടെ നേതൃത്വത്തിൽ വടക്കഞ്ചേരി ലൂർദ്ദ് മാതാ ഫോറോന ദേവാലയത്തിൽവച്ച് ആഘോഷപൂർവ്വം നടന്നു. അവിടെ എത്തിചേർന്ന എല്ലാ യുവജനങ്ങൾക്കും അവരെ പ്രോത്സാഹിപ്പിച്ച എല്ലാവർക്കും ആത്മാർത്ഥമായ നന്ദി. ഏകദേശം 800 യുവജനങ്ങൾ പങ്കെടുക്കുകയുണ്ടായി. വികാരി ജനറാൾ ഫാ. ജോസഫ് ചിറ്റിലപ്പിള്ളിയുടെ മുഖ്യ കാർമ്മികത്വത്തിൽ അർപ്പിച്ച ദിവ്യബലിയോടുകൂടി ആരംഭിച്ച് പൊതുസമ്മേളനത്തോടെ പരിപാടികൾ അവസാനിച്ചു.

**അർദ്ധ വാർഷിക സെനറ്റ്.**

പ്രസ്ഥാനത്തിന്റെ കഴിഞ്ഞ 6 മാസക്കാലത്തെ പ്രവർത്തനത്തെ വിചിന്തനം ചെയ്യുന്നതിനും ആശയങ്ങൾ സ്വരൂപിച്ച് യുവജനവർഷം കൂടുതൽ ക്രിയാത്മകമാക്കുന്നതിനുമായി എല്ലാ യൂണിറ്റുകളിൽ നിന്നും 2 വനിതാ പ്രതിനിധികൾ ഉൾപ്പെടെ 5 അംഗങ്ങളെ പങ്കെടുപ്പിക്കേണ്ടതാണ്. ആഗസ്റ്റ് 7-ാം തിയതി 5 മണിക്ക് ആരംഭിച്ച് 8-ാം തിയ്യതി 3 മണിക്ക് സമാപിക്കുന്നു. സെനറ്റിനുവരുമ്പോൾ അഫിലിയേഷൻ ഫീസ്, യൂണിറ്റ് ഭാരവാഹികളുടെ പേര്, മേൽവിലാസം, ഫോൺ നമ്പർ, യൂണിറ്റ് ഡയറക്ടറുടെ സാക്ഷ്യപത്രം എന്നിവ നിർബന്ധമായും കൊണ്ടുവരേണ്ടതാണ്. സ്ഥലം പാസ്റ്ററൽ സെന്റർ. രജിസ്ട്രേഷൻ ഫീസ് 150/യൂണിറ്റ്.

**വർക്കിംഗ് ക്യാമ്പ്**

അദ്ധ്വാനത്തോടൊപ്പം പ്രാർത്ഥിക്കുന്നവർ കൈകളോടൊപ്പം ഹൃദയവും ഉണർത്തുന്നു. (വി. ബർണാഡ്). താവളം ഫൊറോനയിൽ വെച്ച് സംഘടിപ്പിക്കുന്ന യുവജനങ്ങളുടെ വർക്കിംഗ് ക്യാമ്പ് ആഗസ്റ്റ് 14, 15, 16 തിയതികളിൽ നടക്കുന്നു. എല്ലാ യൂണിറ്റ് പ്രസിഡന്റുമാരും ഫൊറോനാ സമിതി അംഗങ്ങളും പൂർണ്ണമായും പങ്കെടുക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് ആളൊന്നിന് 150 രൂപ.

**സംസ്ഥാനക്യാമ്പ്**

സെപ്റ്റംബർ 4, 5, 6 തിയ്യതികളിൽ സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ രൂപതയിലെ യുവജനങ്ങൾക്കായി സംഘടിപ്പിക്കുന്ന ക്യാമ്പ്. സ്ഥലം സ്റ്റാർട്ട് ധോണിയിൽ വെച്ച് നടത്തുന്നതാണ്.

**ഫാ. ആന്റോ തൈക്കാട്ടിൽ**
ഡയറക്ടർ, കെ.സി.വൈ.എം.

# മാതൃസംഘം

**രൂപത അർദ്ധവാർഷിക ജനറൽബോഡി**

2009 ജൂൺ 27ന് ശനിയാഴ്ച പാലക്കാട് മാതൃസംഘം അർദ്ധവാർഷിക ജനറൽബോഡി സമ്മേളിച്ചു. യൂണിറ്റ് ഭാരവാഹികൾ പങ്കെടുത്ത മീറ്റിംഗിൽ കഴിഞ്ഞ ആറു മാസങ്ങളിലെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. റവ. ഫാ. ജോസ്പ്രകാശ് തൂണിക്കാവിൽ ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ റവ. ഫാ. നിലേഷ് തിരുത്തുവേലിൽ ക്ലാസ്സെടുത്തു. പങ്കെടുത്ത എല്ലാവർക്കും നന്ദി.

**സൃഷ്ടി 2009**

2009ലെ കയ്യെഴുത്തുപ്രതി തയ്യാറാക്കാൻ ആരംഭിച്ചു കഴിഞ്ഞുവെന്ന് കരുതുന്നു. ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ

1. കാലിക പ്രാധാന്യമുള്ള വിഷയം : വൈദിക വർഷം, യുവജന വർഷം, വിശ്വാസദൃഢതാ വർഷം, വിദ്യാഭ്യാസ സാമൂഹിക പ്രശ്നങ്ങൾ.
2. A4 സൈസ് പേപ്പർ, ഒരു പുറം മാത്രം എഴുതുക, വരയ്ക്കുക.
3. 100 മുതൽ 150 വരെ പേജുകൾ മത്രം
4. സ്പൈറൽ ബൈന്റിംഗ് ആയിരിക്കും.
5. സ്വന്തം കൃതികളും വരകളും മാത്രം. (മാതൃസംഘം അംഗങ്ങൾ മാത്രം)
6. എല്ലാവിധ സാഹിത്യ വിഭവങ്ങളും ഉൾപ്പെടുത്തുക.
7. കൈകാര്യം ചെയ്തിരിക്കുന്ന പ്രധാന വിഷയബന്ധിയായ പേര് കൊടുക്കുക.

**യൂണിറ്റ് സെമിനാറുകൾ**

2009 ആഗസ്റ്റ് 8ന് പൂഞ്ചോലയിലും കടപ്പാറയിലും യൂണിറ്റ് സെമിനാറുകൾ സംഘടിപ്പിക്കുന്നു. 2009 ജൂലൈ 18ന് കാഞ്ഞിരപ്പുഴയിൽ സെമിനാർ നടത്തി. മറ്റു യൂണിറ്റുകൾ ഏകദിന സെമിനാറുകൾ നടത്തുക.

2009 ആഗസ്റ്റ് 15ന് ഒലവക്കോട് ഫൊറോനയുടെ വിശ്വാസോത്സവ് ഒലവക്കോട് സെന്റ് തോമസ് സ്കൂളിലും പള്ളിയിലുമായി സംഘടിപ്പിക്കുന്നു. ഫൊറോനയിലെ യൂണിറ്റ് അംഗങ്ങൾ പങ്കെടുക്കണം. 2009 സെപ്റ്റംബറിൽ പാലക്കാട് ഫൊറോന വിശ്വാസോത്സവ് സംഘടിപ്പിക്കുമല്ലോ.

**മാതൃദിനാഘോഷം**

മെയ് മാസത്തിൽ മാതൃദിനം നടത്തിയിട്ടില്ലാത്ത യൂണിറ്റുകൾ ആഗസ്റ്റ് മാസത്തിലെങ്കിലും മാതൃദിനം ആഘോഷിക്കുക.

**പഠനം**

വിശ്വാസവും ഇന്ത്യൻ ഭരണഘടനയും





മതേതരത്വം - മതസ്വാതന്ത്ര്യം, നിരീശ്വരത്വം

വിശ്വാസ ജീവിതത്തിലെ വെല്ലുവിളികൾക്ക് പരിഹാരം, വിശ്വാസ ദൃഢതയും സ്ഥിരതയും

വചനാഗ്നി ഉജ്ജ്വലിപ്പിക്കേണ്ട കുടുംബകൂട്ടായ്മകൾ

**ഡിബേറ്റ്**

2009 സെപ്റ്റംബറിൽ രൂപതയിൽ നടക്കുന്ന ഡിബേറ്റിന് ഫൊറോന ടീം തയ്യാറാകുക. 2009 ആഗസ്റ്റ് 24ന് മുമ്പ് ഫൊറോനയിൽ നിന്നുള്ള 7 പേരുടെ പേരുകൾ രൂപതയിൽ നൽകുക. ഈ വർഷം മുതൽ ഒരു ഫൊറോന ഒരു ടീമും മറ്റൊരു ഫൊറോന എതിർ ടീമും ആയിരിക്കും. സെപ്റ്റംബർ 1ന് മത്സരത്തിൽ പങ്കെടുക്കാൻ പേരു തന്നിരിക്കുന്ന ടീമുകളെ നറുക്കെടുത്ത് അനുകൂല-പ്രതികൂല ടീമുകളെ നിശ്ചയിച്ച് അറിയിക്കും. നറുക്കിൽ കിട്ടുന്ന വിഷയം ഒരുങ്ങുക. സെപ്റ്റംബർ 28ന് ആയിരിക്കും രൂപതാതല ഡിബേറ്റ്.

അനുകൂല ടീം : പൗലോസ് സ്ത്രീ വിരോധിയോ?

പ്രതികൂല ടീം : പൗലോസ് സ്ത്രീ വിരോധിയല്ല

ഇരു വിഭാഗങ്ങളും ആധികാരിക രേഖകളുടെ, ബൈബിൾ വ്യാഖ്യാനങ്ങളുടെ പിൻബലത്തോടെ വാദമുഖങ്ങൾ നിരത്തുന്നു. ടീം ലീഡർ അവസാനം തങ്ങളുടെ ന്യായവാദങ്ങൾ പ്രമേയമായി അവതരിപ്പിക്കുന്നു. 45 മിനിറ്റ് സമയം, 5 മിനിറ്റുകൾ ആമുഖം, 5 മിനിറ്റ് അവസാന പ്രമേയം (2 പ്രസംഗങ്ങളും ടീം ലീഡർ). 5 മിനിറ്റുകൾ വിധികർത്താക്കളുടെ അഭിപ്രായങ്ങൾ 30 മിനിറ്റ് സമയം. മോഡറേറ്ററുടെ നിർദ്ദേശങ്ങൾ പരിപൂർണ്ണമായും സ്വീകരിക്കണം.

**എഫാത്ത**

സമ്മാനകൂപ്പണുകൾ വില്പന നടത്തി സാമ്പത്തികമായി ശക്തി പ്രാപിക്കുക. 2009 ഒക്ടോബർ 2ന് 5 മണിക്ക് മുമ്പ് കൊണ്ടുപോയിട്ടുള്ള കൂപ്പൺ ബുക്കിന്റെ കൗണ്ടർ ഫോയിൽ രൂപതാ ഓഫീസിൽ എത്തിക്കുക. 50% തുകയും ഏല്പിക്കണം. വിൽക്കാത്ത കൂപ്പണുകൾ തിരികെ സ്വീകരിക്കുന്നതല്ല. കൂടുതൽ കൂപ്പണുകൾ ആവശ്യമുള്ളവർ രൂപതാകേന്ദ്ര ഓഫീസിൽ നിന്ന് വാങ്ങിക്കുക. എല്ലാ ശനിയാഴ്ചകളിലും അല്ലെങ്കിൽ മതബോധന കേന്ദ്ര ഓഫീസിൽ നിന്നും കൂപ്പണുകൾ ലഭിക്കുന്നതാണ്. സമ്മാനങ്ങൾ നൽകാത്ത യൂണിറ്റുകൾ മിനിമം 300 രൂപയെങ്കിലും നൽകണം. കൂപ്പൺ സമ്മാനങ്ങൾ നൽകിയ യൂണിറ്റുകൾക്ക് പ്രത്യേകം നന്ദി. യൂണിറ്റുകളുടെ പേരുകൾ :

1. സെന്റ് തോമസ് ചർച്ച്, പാലക്കുഴി, 2. സെന്റ് ജോസഫ്സ് ചർച്ച്, മേരിലാന്റ്, ചിറ്റടി, 3. സെന്റ് മേരീസ് ചർച്ച്, മരിയനഗർ, ചിറ്റടി, 4. ഗുഡ്

ഷെപ്പേർഡ് ചർച്ച്, കഞ്ചിക്കോട്, 5. സെന്റ് റാഫേൽസ് കത്തീഡ്രൽ ചർച്ച്, ചക്കാന്തറ, 6. ക്രിസ്തുജ്യോതി ചർച്ച്, കൈതച്ചിറ, 7. ലിറ്റിൽ ഫ്ളവർ ചർച്ച്, ആലത്തൂർ, 8. സെന്റ് ജോസഫ്സ് ചർച്ച്, ഒറ്റപ്പാലം, 9. സെന്റ് ജോസഫ്സ് ചർച്ച്, കടമ്പഴിപ്പുറം, 10. സെന്റ് മേരീസ് ചർച്ച്, തത്തമംഗലം, 11. ഡിവൈൻ പ്രൊവിഡൻസ് ചർച്ച്, ചന്ദ്രനഗർ, 12. ഇൻഫന്റ് ജീസസ് ചർച്ച്, ബാലേശ്വരം, 13. ഹോളി ഫാമിലി ചർച്ച്, ചിറ്റൂർ, 14. ക്രൈസ്റ്റ് ചർച്ച്, തച്ചനടി, 15. സെന്റ് ആന്റണീസ് ചർച്ച്, കോട്ടായി, 16. സെന്റ് സേവ്യേഴ്സ് ചർച്ച്, മംഗലംഡാം, 17. സെന്റ് പീറ്റേഴ്സ് ചർച്ച്, മാങ്കുറുശ്ശി, 18. സെന്റ് ജെയിംസ് ചർച്ച്, കുളക്കാട്ടുകുർശ്ശി, 19. സെന്റ് ജോസഫ്സ് ചർച്ച്, പൊൻകണ്ടം, 20. സെന്റ് മേരീസ് ചർച്ച്, വിമലഗിരി, 21. സെന്റ് ആന്റണീസ് ചർച്ച്, വാളയാർ, 22. സെന്റ് മേരീസ് ചർച്ച്, കല്ലേപ്പുള്ളി, 23. സെന്റ് ജോസഫ്സ് ചർച്ച്, ശ്രീകൃഷ്ണപുരം, 24. ഹോളി സ്പിരിറ്റ് ഫൊറോന ചർച്ച്, മണ്ണാർക്കാട്, 25. സെന്റ് ഇഗ്നേഷ്യസ് ചർച്ച്, കൂനത്തറ, 26. സെന്റ് ജോസഫ്സ് ചർച്ച്, മെഴുകുംപാറ, 27. സെന്റ് ജോസഫ്സ് ചർച്ച്, നീതിപുരം, 28. സെന്റ് ഫ്രാൻസിസ് അസ്സീസി ചർച്ച്, കടമ്പൂർ, 29. സെന്റ് തോമസ് ചർച്ച്, ചീനിക്കപ്പാറ, 30. സെന്റ് മേരീസ് ചർച്ച്, മൈലംപുള്ളി, 31. ക്രിസ്തുരാജാ ചർച്ച്, കണ്ടമംഗലം, 32. സെന്റ് ആഗ്നസ് ചർച്ച്, ഷൊറണൂർ, 33. ഹോളി ക്രോസ് ചർച്ച്, പുലാപ്പറ്റ, 34. സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്, അകമലവാരം, 35. ലൂർദ് മാതാ ഫൊറോന ചർച്ച്, വടക്കഞ്ചേരി, 36. സെന്റ് മേരീസ് ചർച്ച്, കടപ്പാറ, 37. സെന്റ് ജോസഫ്സ് ഫൊറോന ചർച്ച്, ഒലവക്കോട്, 38. സെന്റ് പോൾസ് ചർച്ച്, പട്ടാമ്പി, 39. സെന്റ് ജോസഫ്സ് ചർച്ച്, മൂച്ചംകുണ്ട്, 40. സെന്റ് ആന്റണീസ് ചർച്ച്, പൊന്നംകോട്.

**ഫാ. ജോർജ്ജ് പെരുമ്പിള്ളിൽ**
ഡയറക്ടർ, മാതൃസംഘം



## സീനായ് ധ്യാനകേന്ദ്രം

**പരിശുദ്ധാത്മാഭിഷേക ധ്യാനം**

2009 ആഗസ്റ്റ് 2 മുതൽ 7 വരെ, 16 മുതൽ 21 വരെ.

ഫാ. ബെന്നി പീറ്റർ
**ഡയറക്ടർ, സീനായ് ധ്യാനകേന്ദ്രം**



## CWWC

**സ്വവർഗ്ഗ വിവാഹം നിയമാനുസൃതമാക്കുന്നതിനെതിരെ.**

ഡൽഹിയിൽ സ്വവർഗ്ഗവിവാഹം അനുവദിക്കുന്ന നിയമം പാസ്സാക്കി. മറ്റു സ്ഥലങ്ങളിലും ഒരുക്കങ്ങൾ നടക്കുന്നു. കുടുംബക്രമത്തെ പ്രതികൂലമായി ബാധിക്കുന്ന, അധാർമികത പ്രോത്സാഹിപ്പിക്കുന്ന നിയമനിർമ്മാണത്തിനെതിരെ പ്രതികരിക്കുക.

**സർക്കാറിന്റെ നിയമപരാജയങ്ങൾ**

കേരളസർക്കാറിന്റെ സ്വയാശ്രയ വിദ്യാഭ്യാസരംഗത്തെ നിയമപരാജയങ്ങളെ കുറിച്ചും വകുപ്പുമന്ത്രിയുടെ ഭ്രാന്തൻ പരിഷ്ക്കരണങ്ങളെക്കുറിച്ചും പഠിക്കുക.

സി.ബി.ഐയുടെ അഭയകേസിലെ ഇരുട്ടത്ത് തപ്പിത്തടയുന്ന മുടന്തൻ വാദമുഖങ്ങൾ, മുൻകൂർ വിധി നടത്തി അതു സ്ഥാപിച്ചെടുക്കാനുള്ള ബദ്ധപ്പാടുകൾ, അവസരവാദങ്ങൾ, പരമോന്നത സ്വതന്ത്ര ഏജൻസിയുടെ പാപ്പരത്തവും പക്ഷപാതവും, മർക്കടമുഷ്ടികളും..... ചർച്ച ചെയുക.

കേരള സർക്കാറിന്റെ സി.ബി.ഐ കേരള ഘടകത്തിന്റെ ധാർഷ്ഠ്യങ്ങൾ! നിയമവ്യവസ്ഥയെ കൈപ്പിടിയിലൊതുക്കി അമ്മാനമാടാനുള്ള പരിശ്രമങ്ങൾ, കള്ളക്കളികൾ വെളിച്ചത്തുവരുന്നു.

സി.ബി.ഐ മറ്റൊരു സി.ബി.ഐ അന്വേഷണത്തിന് പ്രത്യേകം വിധേയമാകേണ്ടിയിരിക്കുന്നു.

വിദ്യാഭ്യാസ മന്ത്രി വിദ്യാലയത്തിലെ പ്രഥമ പാഠങ്ങൾ ശ്രദ്ധയോടെ പഠിക്കേണ്ടിയിരിക്കുന്നു!!!

കോടതി വിധികളെ അവഗണിക്കുന്ന അദ്ദേഹം സ്വന്തം മനഃസാക്ഷി കോടതിയിൽ ഉത്തരം പറയാതെ വയ്യ...

**ലൈംഗിക അരാജകത്വത്തിന്റെ സ്വപ്നലോകം?**

സമൂഹിക നീതിയെ സ്വന്തം പ്രത്യയശാസ്ത്ര നീതീകരണത്തിനായി വ്യാഖ്യാനിക്കുന്നു. പൊതുസ്വത്തും, പൊതുഭാര്യത്വവും പ്രോത്സാഹിപ്പിക്കാനുള്ള തത്രപാടിലാണോ എന്നു സംശയം.

**ഫാ. ജോർജ്ജ് പെരുമ്പിള്ളിൽ**
ഡയറക്ടർ, CWWC

# കെ. സി. എസ്. എൽ

**പ്രവർത്തന വർഷം ഉദ്ഘാടനം**

കെ.സി.എസ്സലിന്റെ ഈ വർഷത്തെ പ്രവർത്തനങ്ങൾ ജൂലൈ 11-ാം തിയ്യതി ഉദ്ഘാടനം ചെയ്യപ്പെട്ടു. രൂപതാ പാസ്റ്ററൽ സെന്ററിൽ വെച്ചു നടന്ന സമ്മേളനത്തിൽ കത്തീഡ്രൽ വികാരി പെരിയ ബഹു ജോസ് കല്ലുവേലിലച്ചനാണ് ഉദ്ഘാടനം കർമ്മം നിർവ്വഹിച്ചത്. കെ. സി. എസ്. എൽ രൂപതാ ഡയറക്ടർ ബഹു ജസ്റ്റിൻ കോലംകണ്ണിയച്ചൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ രൂപത പ്രസിഡന്റ് ശ്രീ. കെ. ടി. ജോസഫ്സാർ സ്വാഗതവും, ജനറൽ ഓർഗനൈസർ റവ. സി. വിജയ സി.എച്ച്.എഫ്. റിപ്പോർട്ടും അവതരിപ്പിച്ചു. കൺസൾട്ടന്റ് റവ. സി. പോൾസി ഒ.എഫ്.എസ്., ചെയർപേഴ്സൺ കുമാരി കിരൺ കുര്യാക്കോസ് എന്നിവർ ആശംസകളർപ്പിച്ചു. പഠന-കലാ-കായിക മേഖലകളിൽ കഴിഞ്ഞ വർഷം മികച്ച നേട്ടം കൈവരിച്ച പ്രതിഭകളെ ആദരിക്കുകയും അവർക്ക് ഉപഹാരങ്ങൾ സമ്മാനിക്കുകയും ചെയ്തു. ഉദ്ഘാടന സമ്മേളനത്തോടനുബന്ധിച്ച് ഈ വർഷത്തെ കലണ്ടറിന്റെ പ്രകാശനകർമ്മം ശ്രീ. കെ. ടി. ജോസഫ് സാറിന് നൽകിക്കൊണ്ടും, കൂപ്പണിന്റെ വിതരണ ഉദ്ഘാടനം ചെയർപേഴ്സൺ കുമാരി കിരൺ കുര്യാക്കോസിന് നൽകികൊണ്ടും പെരിയ ബഹു. ജോസ് കല്ലുവേലിലച്ചൻ നിർവ്വഹിച്ചു. വൈസ് പ്രസിഡന്റ് റവ. സി. ജയിൻ സി.എച്ച്.എഫ്. ഏവർക്കും നന്ദി പ്രകാശിപ്പിച്ചു. അംഗങ്ങളുടെ കലാപരിപാടികൾ ഉണ്ടായിരിന്നു. സമ്മേളനത്തിനുശേഷം അംഗങ്ങൾക്ക് ബഹു. ടോണി കോഴിപ്പാടനച്ചൻ ക്ലാസ്സെടുത്തു.

**നന്ദി**

പ്രവർത്തനവർഷ ഉദ്ഘാടനം മനോഹരമാക്കാൻ സഹകരിച്ച എല്ലാ ആനിമേറ്റേഴ്സിനും, അംഗങ്ങൾക്കും ഭാരവാഹികൾക്കും അകമഴിഞ്ഞ നന്ദി.

**സ്കൂൾ തല പ്രവർത്തനവർഷ ഉദ്ഘാടനം**

സ്കൂൾതല പ്രവർത്തന വർഷ ഉദ്ഘാടനവും തുടർന്നുള്ള സ്റ്റഡി സർക്കിളുകളും മറ്റു പ്രവർത്തനങ്ങളും ഓരോ യൂണിറ്റിലും നിശ്ചയിക്കപ്പെട്ട ദിവസങ്ങളിൽ തന്നെ നടത്തണമെന്ന് ഓർമ്മിപ്പിക്കുന്നു.

**നേതൃത്വ പരിശീലന ക്യാമ്പ്**

വർഷംതോറും ഓണാവധിക്കാലത്ത് നടത്തിവരാറുള്ള നേതൃത്വ പരിശീലന ക്യാമ്പ് ഈ വർഷം ഓഗസ്റ്റ് 30 മുതൽ സെപ്റ്റംബർ 2 വരെ നടത്തപ്പെടുന്നു. ഇൻസൈറ്റ് 2009 എന്ന ക്യാമ്പിൽ പങ്കെടുക്കേണ്ട വിദ്യാർത്ഥികളുടെ പേരുവിവരങ്ങൾ ഓഗസ്റ്റ് 14ന് മുമ്പായി അറിയിക്കേണ്ടതാണ്.

**ഇൻസൈറ്റ് 2009 (നേതൃത്വപരിശീലന ക്യാമ്പ്)**

സ്ഥലം : പാസ്റ്ററൽ സെന്റർ

സമയം : 2009 ആഗസ്റ്റ് 30 ഞായർ ഉച്ചകഴിഞ്ഞ് 4.30 മുതൽ സെപ്റ്റംബർ 2 രാവിലെ 8.30 വരെ

രജി. ഫീസ് : ഒരു കുട്ടിക്ക് 50 രൂപ

**ഫാ. ജസ്റ്റിൻ കോലംകണ്ണി**
ഡയറക്ടർ കെ.സി.എസ്.എൽ







# തിരുബാലസഖ്യം

**ഫൊറോന സെമിനാറുകൾ**

തിരുബാലസഖ്യം അംഗങ്ങൾക്കായി താവളം ഫൊറോനയിൽ നടത്തിയ സെമിനാർ ഫൊറോന വികാരി പെരിയ ബഹു ജോയ് ചീക്കപ്പാറ അച്ചൻ ഉദ്ഘാടനം ചെയ്തു. ഫാ. ജോബി കാച്ചപ്പിള്ളി, ബ്ര. ജോയ്സ്, മി. ടോണി എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

**തുടർന്ന് വരുന്ന സെമിനാറുകൾ**

| | | |
|---|---|---|
| 8.8.09 ശനി | 9.30am to 4.00pm | ഒലവക്കോട് ഫൊറോന- സെന്റ് തോമസ് സ്കൂൾ |
| 22.8.09 ശനി | 9.30am to 4.00pm | ഒറ്റപ്പാലം ഫൊറോന - ഫൊറോന പാരിഷ് ഹാൾ |
| 29.8.09 ശനി | 9.30am to 4.00pm | വടക്കഞ്ചേരി ഫൊറോന- ചെറുപുഷ്പം സ്കൂൾ |
| 1.9.09 ചൊവ്വ | 9.30am to 4.00pm | മണ്ണാർക്കാട് ഫൊറോന - ഫൊറോന പാരിഷ് ഹാൾ |

സെമിനാറുകളിൽ എല്ലാ തിരുബാലസഖ്യ അംഗങ്ങളും ആനിമേറ്റേഴ്സും പങ്കെടുക്കേണ്ടതാണ്.

**യൂണിറ്റ് രജിസ്ട്രേഷൻ**

ഇനിയും ചില യൂണിറ്റുകൾ കൂടി രൂപതയിൽ രജിസ്റ്റർ ചെയ്യുവാനുണ്ട്. അവർ എത്രയും വേഗം രൂപതയിൽ രജിസ്റ്റർ ചെയ്യണമെന്ന് അറിയിക്കുന്നു.

**ഫാ. ജസ്റ്റിൻ കോലംകണ്ണി**
ഡയറക്ടർ, തിരുബാലസഖ്യം

# അൾത്താരസംഘം

**രജിസ്ട്രേഷൻ**

അൾത്താര സംഘത്തിന്റെ രൂപതാ തല പരിപാടികൾ ജൂൺ 1-ാം തിയ്യതി മുതൽ ആരംഭിച്ചു. അൾത്താര സംഘം ഇല്ലാത്ത ഇടവകകളിൽ യൂണിറ്റ് സ്ഥാപിക്കുകയും അൾത്താര സംഘത്തിലേയ്ക്ക് പുതിയ അംഗങ്ങളെ ചേർക്കുവാൻ ബഹു. വികാരിയച്ചൻമാരും പ്രധാനദ്ധ്യാപകന്മാരും പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. പൂരിപ്പിച്ച രജിസ്ട്രേഷൻ ഫോമുകൾ ഉടൻ തന്നെ മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. പുതിയ അംഗങ്ങളുടെ പേരുകൾ മാത്രം ലിസ്റ്റിൽ എഴുതിയാൽ മതി.

**അൾത്താരസംഘം സെമിനാറുകൾ**

| | | |
|---|---|---|
| ആഗസ്റ്റ് 8 ശനി | 9.30 am to 4.pm | ഒലവക്കോട്ഫൊറോന (സെന്റ് തോമസ് സ്കൂൾ) |
| ആഗസ്റ്റ് 22 ശനി | 9.30 am to 4.00pm | ഒറ്റപ്പാലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ആഗസ്റ്റ് 29 ശനി | 9.30 am to 4.00 pm | വടക്കഞ്ചേരി ഫൊറോന (ചെറുപുഷ്പം സ്കൂൾ) |
| സെപ്റ്റം. 1 ചൊവ്വ | 9.30 am to 4.00 pm | മണ്ണാർക്കാട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |

**അൾത്താര സംഘം ക്വിസ് മത്സരം**

പൗരോഹിത്യ വർഷം ആചരിക്കുമ്പോൾ പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യമാണല്ലോ അൾത്താരശുശ്രൂഷകരുടെ രൂപീകരണം. അൾത്താരശുശ്രൂഷ പ്രാഥമിക സെമിനാരി കാലഘട്ടമാണെന്ന് ബനഡിക്ട് പതിനാറാമൻ മാർപാപ്പ അഭിപ്രായപ്പെടുന്നു. അൾത്താരയിലെ കൂദാശപരികർമ്മങ്ങളോട് അടുത്ത് നിൽക്കുന്ന ശുശ്രൂഷകർ നല്ല രൂപീകരണത്തിന് വിധേയരാകണം. ഇതിനു വേണ്ട അറിവും പരിശീലനവും അവർക്കുണ്ടാവണം.

ഇതിനായി ഈ വർഷം അൾത്താര ശുശ്രൂഷകർക്കായി ക്വിസ് മത്സരം സംഘടിപ്പിക്കുന്നു.

**പഠനഭാഗങ്ങൾ**

| | | |
|---|---|---|
| 1. | കുർബ്ബാന പുസ്തകം | 35 മാർക്ക് |
| 2. | ജനറൽ ക്വിസ് 2009 | 50 മാർക്ക് |
| 3. | അൾത്താര ശുശ്രൂഷകർ (1-7 അധ്യായങ്ങൾ) (ഫാ. സ്റ്റീഫൻ ആലത്തറ) | 15 മാർക്ക് |

ഇടവകാതലത്തിൽ മത്സരങ്ങൾ നടത്തി ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന രണ്ടുപേർക്ക് ഒരു ടീമായി ജൂനിയർ സീനിയർ വിഭാഗങ്ങളിൽ





ഫൊറോനാ തലമത്സരത്തിൽ പങ്കുചേരാവുന്നതാണ്. ഫൊറോനയിൽ 1, 2 സ്ഥാനങ്ങൾ നേടുന്ന ടീമുകൾക്ക് (ജൂനിയർ, സീനിയർ) രൂപതാമത്സരത്തിൽ പങ്കുചേരാവുന്നതാണ്. ജൂനിയർ വിഭാഗം 7-ാം ക്ലാസ്സുവരെ, സീനിയർ വിഭാഗം 8 മുതൽ II HDC വരെ.

**രൂപതാ തല സമ്മാനങ്ങൾ**

1-ാം സമ്മാനം-1000 രൂപയും എവർറോളിങ്ങ് ട്രോഫിയും

2-ാം സമ്മാനം-750 രൂപയും എവർറോളിങ്ങ് ട്രോഫിയും

3-ാം സമ്മാനം-500 രൂപയും എവർറോളിങ്ങ് ട്രോഫിയും

**ഫൊറോനതല മത്സരം:** നവംബർ 14 ശനി **സ്ഥലം :** ഫൊറോന കേന്ദ്രങ്ങൾ

**രൂപതാതല മത്സരം:** ഡിസംബർ 12 ശനി **സ്ഥലം :** പാസ്റ്ററൽ സെന്റർ

**ഫാ. മാത്യു വാഴയിൽ**
ഡയറക്ടർ , അൾത്താരസംഘം



# നവീകരണ മുന്നേറ്റം

**പ്രാർത്ഥന കൂട്ടായ്മ**

വടക്കഞ്ചേരി, മേലാർക്കോട് ഫൊറോനകൾ സംയുക്തമായി വള്ളിയോട് ധർമ്മഗിരി സെന്റ് ജോസഫ് ഹോളിസ്റ്റിക് സെന്ററിന്റെ ചാപ്പലിൽ എല്ലാ വ്യാഴ്ചയും രാവിലെ 10 മണി മുതൽ 4 മണിവരെ പ്രാർത്ഥന കൂട്ടായ്മ ആരംഭിച്ചു.

സോണിലെ നവീകരണ രംഗത്ത് പ്രവർത്തിക്കുന്ന എല്ലാ ലീഡേഴ്സിനും വേണ്ടി പ്രത്യേക കൂട്ടായ്മ മാസാവസാന വെള്ളിയാഴ്ച രാവിലെ 10 മണി മുതൽ നടത്തുന്നു. വചന പ്രഘോഷണം, ഷെയറിംഗ് തുടങ്ങിയ ശുശ്രൂഷകൾ ഉണ്ടായിരിക്കും.

**സബ്ബ് റീജിയൺ**

സബ്ബ് റീജിയന്റെ (ഇരിങ്ങാലക്കുട, തൃശൂർ, പാലക്കാട്) കൺവീനറായി ഫ്രാങ്കോ ജോസഫ് കൊള്ളന്നൂർ തെരഞ്ഞെടുക്കപ്പെട്ടു.

**ജാഗരണ പ്രാർത്ഥന**

എല്ലാ മാസാവസാന വെള്ളിയാഴ്ചയും നടത്തുന്ന ജാഗരണ പ്രാർത്ഥന ആഗസ്റ്റ് 28ന് കത്തീഡ്രൽ പള്ളിയിൽ വെച്ച് രാത്രി 7 മണി മുതൽ പിറ്റേ ദിവസം രാവിലെ 5 മണിവരെ നടത്തുന്നു. സോണൽ ഡയറക്ടർ റവ. ഫാ. റെനി പുല്ലുകാലായിൽ ശുശ്രൂഷകൾക്ക് നേതൃത്വം നൽകും.

**സബ്ബ്സോണുകളിൽ പുതുതായി തെരഞ്ഞെടുക്കപ്പെട്ട ലീഡേഴ്സ്**

*മേലാർക്കോട്* സബ്സോൺ ഡയറക്ടർ റവ. ഫാ. ഫ്രാൻസിസ് തോട്ടങ്കരയുടെ നേതൃത്വത്തിൽ തെരഞ്ഞെടുക്കപ്പെട്ടവർ.

തോമസ് ഇമ്മട്ടി, എളവംപാടം, റോയി എളവംപാടം, ജോണി നെടുംപുറത്ത്, കയറാടി, ലാസർ ആലത്തൂർ, ബെന്നി ഒലിപ്പാറ, വിൻസെന്റ് അളവുശ്ശേരി, മരിയരാജൻ ചിറ്റിലഞ്ചേരി, സിസിലി ബെന്നി ഓടംതോട്.

*കാഞ്ഞിരപ്പുഴ* സബ്സോൺ ഡയറക്ടർ റവ. ഫാ. ജോസ് ചിറ്റിലപ്പിള്ളിയുടെ നേതൃത്വത്തിൽ തെരഞ്ഞെടുക്കപ്പെട്ടവർ:

ജോർജ്ജ് വി.വി., പൊമ്പ്ര, സാജൻ കാരാകുർശ്ശി, ജോസുകുട്ടി വളിക്കടവ്, ജോണി എട്ടാട്ടുകുന്നിൽ, പാലക്കയം, തോമസ് വിമലഗിരി, വത്സമ്മ ജോസഫ് കാഞ്ഞിരപ്പുഴ, ജോസ് മാളിയേക്കൽ, കാഞ്ഞിരപ്പുഴ, ഏലിയാമ്മ കാഞ്ഞിരപ്പുഴ, എൽസമ്മ ഇരുമ്പകച്ചോല.

*വടക്കഞ്ചേരി* സോണിൽ കോ-ഓർഡിനേറ്റർ തോമസ് തെയ്ക്കാനത്തിന്റെ നേതൃത്വത്തിൽ തെരഞ്ഞെടുക്കപ്പെട്ടവർ:

റെജി പാപ്പച്ചൻ, ആരോഗ്യപുരം, തോമസ് വി.സി., ആരോഗ്യപുരം, ഷാജു, വടക്കഞ്ചേരി, സുനിൽ ചക്കുണ്ട്, ബേബി ജോർജ്ജ് രാജഗിരി, ബേബി ജോസഫ് പന്തലാംപാടം, മറിയാമ്മ സ്നേഹഗിരി, ലീലാമ്മ ജോസഫ്, ജോസ്ഗിരി.

*മണ്ണാർക്കാട്* സോണിൽ കോ-ഓർഡിനേറ്ററിന്റെ നേതൃത്വത്തിൽ തെരഞ്ഞെടുക്കപ്പെട്ടവർ:

കുര്യാക്കോസ് അറയ്ക്കൽ, കോട്ടപ്പുറം, രാജൻഫിലിപ്പ്, പെരിമ്പടാരി, വർഗ്ഗീസ്, പെരിമ്പടാരി, വി.ടി. ജോർജ്ജ്, പെരിമ്പടാരി, തങ്കച്ചൻ പെരിമ്പടാരി, ലാലി ജോസ് പെരിമ്പടാരി, ഷാജി ജോൺ തിരുവിഴാംകുന്ന്, ലിസ്സമ്മ, കാരാപ്പാടം.

*പാലക്കാട്* സോണിൽ ഡയറക്ടറിന്റെ നേതൃത്വത്തിൽ തെരഞ്ഞെടുക്കപ്പെട്ടവർ.

പാട്രിക്, കഞ്ചിക്കോട്, ബീനാ ജോസഫ്, ഒലവക്കോട്, ജോസ് എൻ.ടി. ചക്കാന്തറ, ഡിക്കിൻസൻ സോളമൻ, ചക്കാന്തറ, വി.പി. ഫ്രാൻസിസ് ചക്കാന്തറ, ജെസ്സി ഫ്രാൻസിസ് ചക്കാന്തറ, വത്സ ജോസ്, ചക്കാന്തറ, റോസിലി അബ്രഹാം ചക്കാന്തറ പുതുതായി തെരഞ്ഞെടുക്കപ്പെട്ട എല്ലാ ലീഡേഴ്സിനും പ്രാർത്ഥനാ മംഗളങ്ങൾ.

**ഫാ. റെനി പുല്ലുകാലായിൽ**
ഡയറക്ടർ, നവീകരണമുന്നേറ്റം.





# സി. എൽ. സി

**അംഗത്വദിനാചരണം (ആഗസ്റ്റ് 15 ശനി)**

ആഗസ്റ്റ് 15 മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളിനോടനുബന്ധിച്ച് യൂണിറ്റുകളിൽ ക്രിസ്ത്യൻ ലൈഫ് കമ്മ്യൂണിറ്റിയിലേക്ക് പുതിയ അംഗങ്ങളെ ചേർക്കേണ്ടതാണ്. കർമ്മപദ്ധതിയിൽ നൽകിയിട്ടുള്ള ആഘോഷമായ പ്രാർത്ഥനാ ശുശ്രൂഷയിലൂടെ പുതിയ അംഗങ്ങളെ സി.എൽ.സി. മെഡലുകൾ നൽകി സ്വീകരിക്കുകയും പഴയ അംഗങ്ങൾ വ്രതനവീകരണം നടത്തുകയും ചെയ്യേണ്ടതാണ്. യൂണിറ്റ് ഡയറക്ടർ, ആനിമേറ്റർ എന്നിവർ വേണ്ട നേതൃത്വം നൽകുമല്ലോ.

അന്ന് തന്നെ വിവിധ പരിപാടികളോടെ പൊതുസമ്മേളനവും നടത്താവുന്നതാണ്.

**മേഖല സെമിനാർ**

മേഖല സെമിനാറുകൾ, കൂടുതൽ അംഗങ്ങളുടെ പങ്കാളിത്തത്തോടെ ആഗസ്റ്റ് മാസത്തിൽ എല്ലാ മേഖലകളിലും നടത്തേണ്ടതിന് മേഖല ഡയറക്ടർമാർ ശ്രദ്ധിക്കുമല്ലോ.

**കർമ്മപദ്ധതി പ്രകാശനവും സെമിനാറും നടത്തി**

പാലക്കാട് രൂപത സി.എൽ.സിയുടെ 2009-2010 വർഷത്തേക്കുള്ള കർമ്മപദ്ധതി 2009 ജൂലൈ 11 ശനിയാഴ്ച പാലക്കാട് പാസ്റ്ററൽ സെന്ററിൽ വെച്ച് 10.30ന് സി.എൽ.സി. പതാക ഉയർത്തലിനുശേഷം നടന്ന പൊതുസമ്മേളനത്തിൽ വെച്ച് ഉദ്ഘാടനകൻ ബഹു. ജേക്കബ് മാവുങ്കൽ അച്ചൻ പ്രകാശനം ചെയ്തു. പ്രസിഡന്റ് ഡാനി ചെറുവത്തൂർ സമ്മേളനത്തിന് അദ്ധ്യക്ഷസ്ഥാനമലങ്കരിച്ച് പ്രസംഗിച്ചു. രൂപത ഡയറക്ടർ റവ. ഫാ. മാർട്ടിൻ ഏറ്റുമാനൂക്കാരൻ ഈ വർഷത്തെ കർമ്മപദ്ധതിയെക്കുറിച്ചും വിശുദ്ധർ ജീവിത വീഥിയിലെ കെടാവിളക്കുകൾ എന്ന വിഷയത്തെക്കുറിച്ച് വിശദീകരിച്ചു. ആനിമേറ്റർ റവ. സി. ജെസ്സി പോൾ എഫ്. സി. സി., ഒലവക്കോട് മേഖലാ ഡയറക്ടർ റവ. ഫാ. അരുൺ കലമറ്റം, ട്രഷറർ സ്റ്റെജി വർഗ്ഗീസ് എന്നിവർ ആശംസകളർപ്പിച്ചു. വൈസ് പ്രസിഡന്റ് ജീനു കാതറിൻ സ്വാഗതവും ജനറൽ സെക്രട്ടറി ഉണ്ണി ജോസഫ് ഏവർക്കും പ്രത്യേകിച്ച് മുൻ ആനിമേറ്റർ റവ. സി. ജെസ്സിൻ ആന്റോ (സി.എച്ച്.എഫ്) ക്കും നന്ദി പ്രകാശിപ്പിച്ചു. തുടർന്ന് 120 സി.എൽ.സി. അംഗങ്ങളും പതിനഞ്ചോളം ആനിമേറ്റർമാരും പങ്കെടുത്ത സെമിനാർ നേതൃത്വഗുണത്തെക്കുറിച്ചും സ്വഭാവരൂപീകരണത്തെക്കുറിച്ചും പ്രൊഫ. ജോബ് ക്ലാസ്സെടുത്തു. 3.30ന് സമാപിച്ച സെമിനാറിൽ പങ്കെടുത്തവർക്കും ക്ലാസ് നയിച്ച ജോബ് സാറിനും ഡെന്നീസ് ചറുവത്തൂർ നന്ദി പറഞ്ഞു.

കർമ്മപദ്ധതി പ്രകാശനവും സെമിനാറും വൻവിജയമാക്കിത്തീർക്കുവാൻ സഹായിച്ച യൂണിറ്റ്, മേഖല ഡയറക്ടർമാർക്കും ആനിമേറ്റർമാർക്കും ഭാരവാഹികൾക്കും രൂപത സി.എൽ.സിയുടെ നന്ദി.

**സി.എൽ.സി. ധ്യാനം**

ഓണാവധിക്ക് മൂന്ന് ദിവസം നീണ്ടുനിൽക്കുന്ന സി.എൽ.സി. ധ്യാനത്തിലേക്ക് ഏവർക്കും സ്വാഗതം. ഓരോ യൂണിറ്റിൽ നിന്നും ചുരുങ്ങിയത് 10 പേരെയെങ്കിലും പങ്കെടുപ്പിക്കുക. രജിസ്ട്രേഷൻ ഫീസ് ഒരാൾക്ക് 150 രൂപ മാത്രം.

സ്ഥലം : പാലക്കാട് പാസ്റ്ററൽ സെന്റർ
തിയ്യതി : സെപ്റ്റംബർ 4, 5, 6 വെള്ളി ശനി, ഞായർ
സമയം : സെപ്റ്റംബർ 4 രാവിലെ 10 മണി മുതൽ
സെപ്റ്റംബർ 6ന് 3 മണിവരെ

രൂപത എക്സിക്യൂട്ടീവ് (ആഗസ്റ്റ് 22 വെള്ളി)

പാലക്കാട് സി.എൽ.സി. കാര്യാലയത്തിൽ വെച്ച് ആഗസ്റ്റ് 22 ശനി രാവിലെ 10 മുതൽ 12.30 വരെ രൂപത എക്സിക്യൂട്ടീവ് മീറ്റിംഗ് ഉണ്ടായിരിക്കും. എല്ലാ രൂപത എക്സിക്യൂട്ടീവ് അംഗങ്ങളും നിർബന്ധമായും സംബന്ധിക്കേണ്ടതാണ്.

പ്രാർത്ഥന : മാർ ജോസഫ് ഇരുമ്പൻ പിതാവിനുവേണ്ടി പ്രാർത്ഥിക്കുക.
(ചരമദിനം : ആഗസ്റ്റ് 23 ഞായർ)
പഠനം : വി. അൽഫോൻസ- വിശുദ്ധയായതെങ്ങനെ?
പ്രവർത്തനം : വിശുദ്ധരെ സംബന്ധിച്ച് സ്വന്തമായി ഒരു ലേഖനം തയ്യാറാക്കുക.

**ഫാ. മാർട്ടിൻ ഏറ്റുമാനൂക്കാരൻ**
ഡയറക്ടർ, സി.എൽ.സി.



# സെഹിയോൻ ധ്യാനകേന്ദ്രം

**ധ്യാനങ്ങൾ**

| **മാസം** | **തീയതി** | **ധ്യാനംനയിക്കുന്നത്** |
|---|---|---|
| ആഗസ്റ്റ് | 2-7 | വൈദികരുടെ ധ്യാനം<br>ഫാ. സേവ്യർഖാൻ വട്ടായിൽ |
| ആഗസ്റ്റ് | 2-7 | ക്രിസ്റ്റീൻ ധ്യാനം (ഹൈസ്ക്കൂൾ)<br>സെഹിയോൻ ടീം |
| ആഗസ്റ്റ് | 9-14 | ആന്തരീകസൗഖ്യ വളർച്ചാധ്യാനം.<br>ഫാ. ബിനോയ് കരിമരുതിങ്കൽ |
| ആഗസ്റ്റ് | 16-21 | ആന്തരീകസൗഖ്യ വളർച്ചാധ്യാനം.<br>ഫാ. ബിനോയ് കരിമരുതിങ്കൽ |
| ആഗസ്റ്റ് | 23-28 | ആന്തരീകസൗഖ്യ വളർച്ചാധ്യാനം.<br>ഫാ. ബിനോയ് കരിമരുതിങ്കൽ |

ധ്യാനത്തിന്റെ ഫീസ് 300 രൂപയാണ്. 50 രൂപ അടച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്നവർക്ക് മാത്രം പ്രവേശനം. രജിസ്റ്റർ ചെയ്യാതെ വരുന്നവരെ ധ്യാനത്തിൽ പ്രവേശിപ്പിക്കുന്നതല്ല. ധ്യാനങ്ങൾ ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.00 മണിക്ക് ആരംഭിച്ച് വെള്ളിയാഴ്ച രാവിലെ 8.30 ന് അവസാനിക്കുന്നതാണ്. രജിസ്ട്രേഷൻ സംബന്ധമായ കാര്യങ്ങൾക്ക് ധ്യാനകേന്ദ്രം ഓഫീസുമായി ബന്ധപ്പെടുക.

സമയം : രാവിലെ 9.00 മണിമുതൽ വൈകുന്നേരം 5.00 മണിവരെ.
ഫോൺ : 04924 - 253333, 253647. സെഹിയോൻ ബ്ലോഗ് സന്ദർശിക്കുക.
Sehion Website : www.sehion.org, www.sehionpriests.org
sehionretratcentre.blogspot.com, sehiontelevision.blogspot.com

**സെഹിയോൻ കൺവെൻഷൻസ്**

ആഗസ്റ്റ് 2 ഞായറാഴ്ച കോയമ്പത്തൂർ ഗാന്ധീപുരം ലൂർദ്ദ് ഫൊറോന പള്ളിയിൽ വൈകുന്നേരം 4.00 മണിമുതൽ 8.30 വരെ സായാഹ്ന കൺവെൻഷൻ.

ആഗസ്റ്റ് 15 ശനിയാഴ്ച ചങ്ങനാശ്ശേരി ചെത്തിപ്പുഴ കാർമ്മൽ മൗണ്ട് റിന്യൂവൽ സെന്ററിൽ രാവിലെ 9.00 മണിമുതൽ വൈകുന്നേരം 4.00 മണിവരെ ഏകദിന കൺവെൻഷൻ.

ആഗസ്റ്റ് 16 ഞായറാഴ്ച പാലക്കാട് ടൗൺഹാൾ അനക്സിൽ രാവിലെ 10.00 മുതൽ വൈകുന്നേരം 4.00 വരെ ഏകദിന കൺവെൻഷൻ.

**സെഹിയോൻ പ്രീസ്റ്റ്സ് കോൺഫറൻസ്**

സെഹിയോനിൽ വൈദികർ ഒരുമിച്ചുകൂടി ലോകം മുഴുവനുമുള്ള വൈദികർക്കുവേണ്ടി പ്രാർത്ഥിക്കുന്നു. അടുത്ത കൂട്ടായ്മ സെപ്റ്റംബർ 28 മുതൽ 30 വരെ.

**ഫാ. സേവ്യർഖാൻ വട്ടായിൽ.**
ഡയറക്ടർ, സെഹിയോൻ ധ്യാനകേന്ദ്രം.

# പി. എസ്. എസ്. പി.

**സേവ് എ ഫാമിലി പ്ലാൻ**

**സേവ് എ ഫാമിലി സ്പോൺസർമാരുടെ ശ്രദ്ധയ്ക്ക്**

സ്നേഹ.ബഹു അച്ചാ, സിസ്റ്റർ,

പാവപ്പെട്ട കുടുംബങ്ങളുടെ സമഗ്ര വികസനവും സ്വയം പര്യാപ്തയും ലക്ഷ്യമാക്കി നാം നടത്തിവരുന്ന സേവ് എ ഫാമിലിപ്ലാൻ പദ്ധതിയുടെ വിജയത്തിനായ് അവിടെ നിന്നും നൽകി വരുന്ന നിസ്വാർത്ഥവും നിസ്തുലമായ സേവനത്തിന് ആത്മാർത്ഥമായ നന്ദി.

സേവ് എ ഫാമിലി പ്ലാനിലൂടെ നാം ചെയ്തു കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളെ അവലോകനം ചെയ്യുന്നതിനും പുതിയ പ്രവർത്ത രീതികൾ പങ്കുവയ്ക്കുന്നതിനായി സെപ്റ്റംബർ 12-ാം തിയ്യതി ശനിയാഴ്ച്ച ഒത്തു ചേരുന്നു. ഈ മീറ്റിംഗിൽ എല്ലാ ഡയറക്ടർമാരും സ്പോൺസർമാരും സംബന്ധിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

**കത്തുകൾ**

സേവ് എ ഫാമിലി ബനഫാക്റ്റേഴ്സിന് അയക്കേണ്ട കത്തുകൾ ചില യൂണിറ്റുകളിൽ നിന്നും ഇതുവരെ ലഭിച്ചിട്ടില്ല. എത്രയും പെട്ടന്ന് കത്തുകൾ പി.എസ്.എസ്.പി ഓഫീസിൽ എത്തിക്കേണ്ടതാണ്. ഇനിയും വൈകിയാൽ കാനഡയിൽ നിന്നും ലഭിക്കുന്ന സഹായം നിന്നു പോകും.

**പരിസ്ഥിതിസൗഹൃദ സമഗ്ര കാർഷിക വികസനപദ്ധതി**

9-7-09 ന് വടക്കഞ്ചേരി ഫാമിലി കൗൺസിലിംഗ് സെന്ററിൽ വച്ച് പീപ്പിൾ സർവീസ് സൊസൈറ്റിയുടെ കീഴിലുള്ള നെന്മാറ, വടക്കാഞ്ചേരി ഭാഗത്തുള്ള കർഷക ലീഡേഴ്സിന്റെ ഒരു സെമിനാർ നടത്തപ്പെട്ടു. പഞ്ചാബ് നാഷ്ണൽ ബാങ്ക് മാനേജർ എ. എസ്. ജോസഫ് അദ്ധ്യക്ഷനായിരുന്നു. മീറ്റിംഗിൽ S.A.F.P കോ-ഓർഡിനേറ്റർ ശ്രീ. ജോയ് അറയ്ക്കൽ, EFID കോ-ഓർഡിനേറ്റർ ശ്രീ. എബി മുണ്ടയ്ക്കൽ, F.C.C. കൗൺസിലർ ശാലിനി ബ്രിസ്റ്റോ, ആനിമേറ്റർ ലിൻസി സജി എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി.

ഭക്ഷ്യ സമൃദ്ധിയുടെ ഭാഗമായി 15-7-09 ന് പാലക്കയം സെന്റ് മേരീസ് പാരിഷ് ഹാളിൽ പി.എസ്.എസ്.പി. എക്സിക്യൂട്ടീവ് സെക്രട്ടറി ഫാ. ജേക്കബ് മാവുങ്കലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ മീറ്റിംഗിൽ പാലക്കയം, ചീനിക്കപാറ സ്ഥലങ്ങളിലെ 20 കർഷകർ പങ്കെടുത്തു. പാലക്കയത്ത് പുതിയ ഒരു കർഷക സ്വയം സഹായ സംഘം രൂപീകരിച്ചു. J.S.S. Pro.Office രാജു മാത്യു, EFID കോ-ഓർഡിനേറ്റർ എബി മുണ്ടയ്ക്കൽ, ജോമോൻ





തുടങ്ങിയവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. ശ്രീ സ്കറിയ, ശ്രീ. തോമസ് എന്നിവർ തങ്ങളുടെ അനുഭവത്തിന്റെ വെളിച്ചത്തിൽ നടത്തിയ പ്രഭാഷണങ്ങൾ FCC അംഗങ്ങൾക്ക് ഏറെ അറിവ് പ്രദാനം ചെയ്യുന്നതായിരുന്നു.

**CRS-HIV/AIDS പദ്ധതി**

CRS-HIV/AIDS പദ്ധതിയുടെ ആഗസ്റ്റ് മാസത്തെ പ്രവർത്തന രൂപരേഖ.

| തിയതി | സ്ഥലം | സമയം | പരിപാടി |
|---|---|---|---|
| 3-8-09 | പാസ്റ്ററൽ സെന്റർ | 10 am - 4 pm | 20 HIVബാധിതർക്കായി കുട നിർമ്മാണ പരിശീലനം |
| 5-8-09 | നാട്ടുകൽ ബ്ലോക്ക് ഓഫീസ് | | പ്രൊജക്ട് സ്റ്റിയറിംഗ് കമ്മിറ്റി മീറ്റിംഗ് |
| 11,12-8-09 | മരിയ റാണി സെന്റർ | | പദ്ധതി അവലോകനം യോഗം തിരുവനന്തപുരം |
| 22-8-09 | പാസ്റ്ററൽ സെന്റർ | 11 am - 3pm | HIV ബാധിതരുടേയും കുട്ടികളുടേയും മാസയോഗം |

**CRS ക്ലിന്റൺ ഫൗണ്ടേഷൻ കുട്ടികളുടെ പദ്ധതി**

കഴിഞ്ഞ 25 മാസക്കാലമായി (ജൂലൈ 2007 മുതൽ) ക്ലിന്റൻ ഫൗണ്ടേഷന്റെ സാമ്പത്തിക സഹായത്തോടെ CRSന്റെ ആഭിമുഖ്യത്തിൽ പി.എസ്.എസ്.പി നടപ്പിലാക്കി വന്ന കോംപ്രീഹെൻസീവ് പീഡിയാട്രിക് HIV/AIDS കെയർ ആന്റ് സപ്പോർട്ട് പ്രോഗ്രാം ജൂലൈ 2009ന് അവസാനിക്കുന്ന വിവരം ഖേദപൂർവ്വം അറിയിച്ചുകൊള്ളുന്നു. ചില സാങ്കേതിക കാരണങ്ങളാൽ ക്ലിന്റൻ ഫൗണ്ടേഷൻ ഇന്ത്യയിലെ അവരുടെ പ്രവർത്തന മേഖലകളിൽ നിന്നും പിൻമാറുകയാണ്. ഈ അവസരത്തിൽ CF സഹായം ലഭിച്ചു വന്നിരുന്ന 22 HIV/AIDS ബാധിതരായ കുട്ടികളുടെ തുടർന്നുള്ള സഹായം നടപ്പിലാക്കുന്നതിന് സാമ്പത്തിക സഹായം ആവശ്യമായി വന്നിരിക്കുകയാണ്. ഈ കുട്ടികളുടെ വളർച്ചയ്ക്കാവശ്യമായ സാമ്പത്തിക സഹായം നൽകുവാൻ താൽപര്യമുള്ളവർ പി.എസ്.എസ്.പി.യുടെ ഓഫീസുമായി ബന്ധപ്പെടേണമെന്ന് അഭ്യർത്ഥിക്കുന്നു.

**സ്ത്രീ ശാക്തീകരണ മേഖല**

**ജില്ലാ ഫെഡ് മീറ്റിംഗ്**

ജില്ലാ വിമൻസ് ഫെഡ് മീറ്റിംഗ് പി.എസ്.എസ്.പി.യിൽ വച്ച് 5-8-09 ന് ബുധനാഴ്ച്ച 11 മണിക്ക് നടത്തപ്പെടും.

**ബ്ലോക്ക് ഹെഡ് മീറ്റിങ്ങുകൾ**

| തിയ്യതി | ദിവസം | ബ്ലോക്ക് | സ്ഥലം | സമയം |
|---|---|---|---|---|
| 10-8-09 | തിങ്കൾ | മലമ്പുഴ, പാലക്കാട് | രണ്ടാം മൈൽ | 11 am |
| 12-8-09 | ബുധൻ | മണ്ണാർക്കാട് | പ്രിയ M.S ഇരുമ്പകച്ചോല | 11 am |
| 14-8-09 | വെള്ളി | നെന്മാറ | കയറാടി സമാജം | 11 am |
| 13-8-09 | വ്യാഴം | ശ്രീകൃഷ്ണപുരം | ചൈതന്യ ആലങ്ങാട് | 11 am |
| 14-8-09 | വെള്ളി | കുഴൽമന്ദം | പുലരി കളപ്പെട്ടി | 2 pm |
| 15-8-09 | ശനി | ആലത്തൂർ | FCC വടക്കഞ്ചേരി | 11 am |

**നിത്യോപയോഗ സാധന നിർമ്മാണപരിശീലനം**

പെരുമാട്ടി പഞ്ചായത്തിലെ സ്ത്രീകൾക്കുവേണ്ടി രണ്ടു ദിവസം നീണ്ടു നിൽക്കുന്ന ഒരു പരിശീലന പരിപാടി ആഗസ്റ്റ് മാസം 3, 4 തിയതികളിൽ പെരുമാട്ടി പഞ്ചായത്ത് ഹാളിൽ വച്ച് നടത്തപ്പെടുന്നു. ഇരുപതോളം നിത്യോപയോഗ സാധനങ്ങൾ നിർമ്മിച്ച് വിൽക്കുവാൻ വേണ്ടുന്ന രീതിയിലാണ് പരിശീലനം. ചാലക്കുടി ബദൽ ജീവിത പഠന കേന്ദ്രത്തിന്റെ സഹായത്തോടെയാണ് പരിശീലനം.

**ഓണാഘോഷം**

2009 ആഗസ്റ്റ് മാസം 29ന് ശനിയാഴ്ച്ച പി.എസ്.എസ്.പി.യുടെ ജില്ലാ തല ഓണാഘോഷം പാസ്റ്ററൽ സെന്ററിൽ വച്ച് വിവിധ പരിപാടികളോടെ നടത്തപ്പെടുന്നു.

**മെഡിക്ലെയിം**

ഓറിയന്റൽ ഇൻഷൂറൻസ് കമ്പിനിയുമായി സഹകരിച്ച് യൂണിവേഴ്സൽ ഹെൽത്ത് ഇൻഷൂറൻസ് എന്ന പേരിൽ ഒരു മെഡി ക്ലെയിം പദ്ധതി നടത്തി വരുന്നു. ആശുപത്രിയിൽ കിടന്നു ചികിത്സിക്കുമ്പോൾ ചെലവാകുന്ന സംഖ്യ തിരിച്ചു കിട്ടുന്നതാണ് പദ്ധതി (വർഷം പരമാവധി 30,000 രൂപ വരെ) അഞ്ച് അംഗ കുടുംബത്തിന് 450 രൂപയാണ് വാർഷിക പ്രീമിയം. വ്യക്തിക്ക് 300 രൂപയും 7 അംഗ കുടുംബത്തിന് 600 രൂപയും. കൂടുതൽ വിവരങ്ങൾക്ക് പി.എസ്.എസ്.പി. ഓഫീസുമായി ബന്ധപ്പെടുക.

**റീജിയണൽ ഓഫീസ് ദിവസങ്ങൾ**

| തിയതി | ദിവസം | സ്ഥലം | സമയം |
|---|---|---|---|
| 18-8-09 | ചൊവ്വ | സാൻജോ ടവ്വർ | 10 മുതൽ 2 വരെ |
| 19-8-09 | ബുധൻ | നെന്മാറ പാരിഷ് ഹാൾ | 11 മുതൽ 2 വരെ |
| 20-8-09 | വ്യാഴം | കരിമ്പ പാരിഷ് ഹാൾ | 11 മുതൽ 2 വരെ |

JSSഉമായി സഹകരിച്ച് താഴെ പറയുന്ന ദിവസങ്ങളിൽ വിവധ സ്ഥലങ്ങളിൽ വച്ച് തൊഴിൽ പരിശീലനങ്ങൾ ആരംഭിക്കുന്നു.

| | | | |
|---|---|---|---|
| 24-7-09 | വെള്ളി | കാഞ്ഞിരപ്പുഴയിൽ | കാറ്ററിംഗ് |
| 27-7-09 | തിങ്കൾ | കാരാപ്പാടം സമാജത്തിൽ | തയ്യൽ |
| 27-7-09 | തിങ്കൾ | കാരാപ്പാടം സമാജത്തിൽ | ഫേബ്രിക്പെയിന്റ് |





| | | | |
|---|---|---|---|
| 29-7-09 | ബുധൻ | വേലിക്കാട് സമാജത്തിൻ | കൂൺ കൃഷി |
| 31-7-09 | വെള്ളി | കാരാകുറുശ്ശി സമാജത്തിൽ | കൂൺ കൃഷി |
| ആഗസ്റ്റ്മാസത്തിൽ | | പൂഞ്ചോല സമാജത്തിൽ | തയ്യൽ |
| | | വിമലഗിരി | വാഴനാരുല്പനം |
| | | കരിമ്പയിൽ | കാറ്ററിംഗ് |
| | | കരിമ്പയിൽ | തയ്യൽ |
| | | കടമ്പഴിപുറം സമാജത്തിൽ | ബുക്ക് ബൈന്റിംഗ് & ഫയൽ നിർമ്മാണം |

**സൗജന്യ ഹോമിയോ മെഡിക്കൽ ക്യാമ്പ്**

പടർന്ന് പിടിക്കുന്ന മഴക്കാല രോഗങ്ങൾക്കെതിരെ സൗജന്യ ഹോമിയോ മെഡിക്കൽ ക്യാമ്പ് ആഗസ്റ്റ് മാസത്തിൽ നടത്താനാഗ്രഹിക്കുന്ന പള്ളികൾ, സമാജം എന്നിവർ താഴെ കാണുന്ന ഫോൺനമ്പറിൽ എത്രയും വേഗം ബന്ധപ്പെട്ടാൽ ക്യാമ്പ് തരപ്പെടുത്തി തരുന്നതാണ്

9446639672-0491-2527784

**പി.എസ്.എസ്.പി. ഡയറക്ടർ ഫോൺ 9447020395**

**ഫാ. ജേക്കബ് മാവുങ്കൽ**
എക്സി. സെക്രട്ടറി, പി.എസ്.എസ്.പി.

**Palakkad Rupatha Bulletin**
Editor: Fr. Shyju Naduvathaniyil
Published by: Fr. Dominic Aippenparambil
Bishop's House, Palakkad - 678 004.